ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(2) 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, കഴിഞ്ഞ തവണ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടപ്പോൾ ഒരു പ്രത്യേക അന്തരീക്ഷമായതുകൊണ്ട് ഒന്നും പറയാതെ ഒറ്റവാക്കിൽ അംഗീകരിക്കുന്നുവെന്നാണ് പറഞ്ഞത്. സമയമെടുത്ത് സംഭാഷണത്തിന് ഞാൻ മുതിരുന്നില്ല. ഇത് കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലും സാമൂഹിക പുരോഗതിക്കും ഉതകുന്ന വിധത്തിൽ ഗവേഷണത്തിനും പഠനത്തിനുമുള്ള ഒരു സർവ്വകലാശാല ആയിരിക്കണമെന്നുള്ളത് കേന്ദ്രസർക്കാരിന്റെ ഭൗമമന്ത്രാലയത്തിന്റെ ഉപദേഷ്ടാവും മുൻ സി.ഐ.എഫ്.ഡി.യുടെ ഡയറക്ടറുമായിരുന്ന ഡോ. രവീന്ദ്രന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ ഇതര സംസ്ഥാനങ്ങളിലും കേന്ദ്ര ഗവൺമെന്റിന്റെ ഫിഷറീസ് മേഖലയുമായി ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂഷനുകളിലെ ഡിപ്പാർട്ടുമെന്റ് തലവന്മാരുമായിട്ടുമെല്ലാം വിശദവും സമഗ്രവുമായ ചർച്ചകളെ തുടർന്ന് നിയോഗിച്ചിട്ടുള്ള ഒരു എക്സ്പെർട്ട് കമ്മിറ്റിയാണ് ഇപ്രകാരം ഒരു യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിന് മൗലികമായി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് നിർദ്ദേശം നൽകിയത്. ഈ അടിസ്ഥാനത്തിലാണ് സർക്കാർ ഒരു ഓർഡിനൻസിലൂടെ ഇത് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് മുൻകയ്യെടുത്തത്. ഇത് നിയമമാക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കുമ്പോൾ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു ജനസമൂഹത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള ഒരു മികവിന്റെ കേന്ദ്രമായി പഠനത്തിനും ഗവേഷണത്തിനുമായി വേണമെന്നുള്ള നിർദ്ദേശമാണ് ഇതിൽ അടിസ്ഥാനപരമായി കണക്കാക്കുന്നത്. ഏഷ്യയിൽത്തന്നെ ചൈനയിലും ജപ്പാനിലുമാണ് ഫിഷറീസ് സെക്ടറിൽ ഒരു യൂണിവേഴ്സിറ്റിയുള്ളത്. ചൈനയിലും ജപ്പാനിലുമാണ് ലോകത്ത് ഏറ്റവും കൂടുതൽ മത്സ്യോൽപ്പാദനം നടക്കുന്നത്. ചൈനീസ് സമ്പദ്ഘടനയുടേയും ജപ്പാൻ സമ്പദ്ഘടനയുടേയും ഒരു എഞ്ചിനായിട്ടാണ് അവിടത്തെ ഫിഷറീസ് സർവ്വകലാശാല പ്രവർത്തിച്ചുവരുന്നത്. കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ വളർച്ചയിൽ ഫിഷറീസ് സെക്ടർ മൂന്ന് ശതമാനം പങ്ക് വഹിക്കുന്നുണ്ട്. കേരളത്തിൽ കാർഷിക മേഖലയുടെ മൊത്തം ഉൽപ്പാദനത്തിന്റെ പത്ത് ശതമാനത്തോളം വളർച്ച കൈവരിക്കാൻ മത്സ്യമേഖലയ്ക്ക് കഴിയുന്നുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയിൽ 1500 കോടി രൂപയുടെ വിദേശനാണ്യം ഈ മേഖല നേടിത്തരുന്നുണ്ട്. 11 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളും 10 ലക്ഷത്തിൽപ്പരം വരുന്ന അനുബന്ധ തൊഴിലാളികളുമടങ്ങുന്ന വിപുലമായ ഒരു മേഖലയിലെ ജനസമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതിക്കുവേണ്ടി പങ്ക് വഹിക്കാൻ കഴിയണമെന്നുള്ള കാഴ്ചപ്പാട് വച്ചുപുലർത്തുന്നുണ്ട്. ഇന്ത്യയിൽ ആദ്യമായിട്ടാണ് ഫിഷറീസ് മേഖലയ്ക്ക് ഒരു സർവ്വകലാശാല രൂപീകരിക്കപ്പെടുന്നതെന്ന ചരിത്രപരമായ പ്രാധാന്യവും കൂടി ഈ ബില്ലിലുണ്ട്.

ഇതിന്റെ ആസ്ഥാനം കൊച്ചിയിൽ ആയിരിക്കും. IFT, NIU, CMFRI, CIFT,CIFNET, തുടങ്ങി കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട എല്ലാ ഫിഷറീസ് സെക്ടറിന്റെയും ഗവേഷണസ്ഥാപനങ്ങളും അതുപോലെ മറ്റെല്ലാ തലങ്ങളിലും പങ്കു വഹിക്കുന്ന സർവ്വേ ഓഫ് ഇന്ത്യ ഉൾപ്പെടെ കൊച്ചിയിലാണ്. അപ്പോൾ ഈ യൂണിവേഴ്സിറ്റിക്ക് ഈ സ്ഥാപനങ്ങളുടെ സേവനങ്ങളെയും ഉപയോഗപ്പെടുത്താൻ കഴിയും. മറ്റൊരു പ്രത്യേകത എന്താണെന്ന് വച്ചാൽ, ഫിഷറീസ് സെക്ടർ മാത്രമല്ല, ഓഷ്യൻ സയൻസിനെക്കുറിച്ച് ഒരു സ്റ്റഡി നടത്തുന്നതിലൂടെ ഒരുപക്ഷേ നമ്മുടെ കടലിനെ കര നിയന്ത്രിച്ചിരുന്ന ലോക സാഹചര്യത്തിൽ നിന്ന് വ്യത്യസ്തമായ മാനങ്ങൾ ഇന്ന് ലോകത്ത് വന്നിരിക്കുകയാണ്. കടലിലെ മത്സ്യ ബന്ധനത്തിനും കപ്പൽ ഗതാഗതത്തിനുമുള്ള ഒരു കാഴ്ചപ്പാടായിരുന്നു പുരാതന കാലത്ത് നാം സ്വീകരിച്ചുവന്നിരുന്നത്. എന്നാൽ ഇന്ന് കടലിന്റെ സവിശേഷതകൾ മാറി. ലോകത്തിന്റെ കാലാവസ്ഥയുടെ ഗതി നിർണ്ണയത്തിൽ താപവ്യതിയാനങ്ങളിലെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്ന അതീവ ഗൗരവമേറിയ ചലനങ്ങളും മാറ്റങ്ങളും പ്രപഞ്ചത്തെയും മനുഷ്യസമൂഹത്തെയും ഗൗരവതരമായ സാമൂഹ്യ പ്രശ്നമാക്കി മാറ്റുന്ന ഒരു സാഹചര്യത്തിൽ ഓഷ്യൻ സയൻസിനെക്കുറിച്ചുകൂടിയുള്ള അന്വേഷണവും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവേഷണവും പഠനവും അതിപ്രധാനമായ ഒന്നായി നമ്മുടെ മുൻപിൽ നിൽക്കുന്നുണ്ട്. മത്സ്യ ബന്ധനത്തിനും കപ്പൽ ഗതാഗതത്തിനുമായി ഉപയോഗിച്ചിരുന്ന സ്ഥിതിയ്ക്ക് ഇന്ന് മാറ്റം വന്നു. ഭക്ഷ്യ വസ്തുക്കൾ. എണ്ണ. വാതകം. ഖനിജങ്ങൾ. രാസവസ്തുക്കൾ. മരുന്നുകൾ. കുടിവെള്ളം തുടങ്ങിയവയുടെ എല്ലാത്തിന്റെയും ഒരു അമൂല്യ ശേഖരമായി സമുദ്രം മാറിയിരിക്കുകയാണ്. കടലിന്റെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുവാനും കേരളത്തിന്റെ സാമ്പത്തിക സാമൂഹ്യ പുരോഗതിക്ക് ആ സാധ്യതകളെ ഉപയോഗപ്പെടുത്താനുമുള്ള അന്വേഷണവും പഠനവും ഗവേഷണവും എന്ന നിലയിലേയ്ക്ക് കൂടി ഫിഷറീസ് യൂണിവേഴ്സിറ്റിയിലെ ഓഷ്യൻ സ്റ്റഡീസ് എന്നതുകൊണ്ട് ഉദ്ദേശിക്കുകയാണ് അങ്ങനെ നമ്മുടെ നാടിന്റെ വളർച്ചയ്ക്കും സാമ്പത്തിക സാമൂഹ്യ പുരോഗതിക്കും ചൈനയിലും ജപ്പാനിലുമെല്ലാം ഈ യൂണിവേഴ്സിറ്റി വഹിച്ചിട്ടുള്ള ചരിത്രപരമായ പങ്കിന്റെ പ്രാധാന്യം ഇൻഡ്യയുടെ തന്നെ വളർച്ചയ്ക്ക് പങ്ക് വഹിക്കാൻ കഴിയുമെന്ന് കണക്കാക്കുകയാണ്. എക്സ്പെർട്ട് കമ്മിറ്റിയുടെ പഠന റിപ്പോർട്ടിൽ 2025 ആകുന്നതോടുകൂടി വൈദഗ്ദ്ധ്യം നേടുന്ന പ്രൊഫഷണലുകൾക്ക് 32 ലക്ഷം തൊഴിലവസരങ്ങൾ വേണ്ടിവരും എന്നാണ് കണക്കാക്കിയിരിക്കുന്നത്. മാൻപവർ റിക്വയർമെന്റിനെ സംബന്ധിച്ചും ഈ വിദഗ്ദ്ധ സമിതി ഒരു സയന്റിഫിക് സ്റ്റഡി നടത്തുകയുണ്ടായി. 32 ലക്ഷം തൊഴിലവസരങ്ങൾക്കുള്ള ശാസ്ത്രീയമായ ആധികാരികത തന്നെ ഇൻഡ്യ ഗവൺമെന്റുമായി ഇവർ നടത്തിയിട്ടുള്ള ആശയവിനിമയത്തിലൂടെ സ്ഥിരീകരിക്കപ്പെട്ടിരിക്കുകയാണ്. കയറ്റുമതി, മത്സ്യ സംസ്കരണം, വിപണനം, അക്വാകൾച്ചർ തുടങ്ങി എല്ലാ മേഖലയിലേക്കും..... വരും കാലത്ത് ഒരു വലിയ മുന്നേറ്റത്തിന്റെ അനന്തമായ സാധ്യതകൾക്ക് വാതിൽ തുറന്നിട്ടിരിക്കുന്ന ഒരു മേഖലയാണ് അക്വാകൾച്ചർ. അക്വാകൾച്ചർ മീറ്റ് എന്ന നിലയിലേക്ക് ഏഷ്യാ പസഫിക് രാജ്യങ്ങളിലെ മുവായിരത്തോളം വരുന്ന ശാസ്ത്രജ്ഞൻമാർ ഈ ജനുവരി 17 മുതൽ 20 വരെയുള്ള തീയതികളിൽ കൊച്ചിയിൽ ഒത്തുചേരുകയാണ്. ഏഷ്യൻ രാജ്യങ്ങളിലെ ഫിഷറീസ് സെക്ടറിലെ മുവായിരത്തോളം വരുന്ന ശാസ്ത്രജ്ഞൻമാരാണ് അക്വാകൾച്ചർ മീറ്റ് എന്ന നിലയ്ക്ക് ഇൻഡ്യയിൽത്തന്നെ ആദ്യമായി അങ്ങനെയൊരു മീറ്റ് നടത്തുന്നത്. ആ നിലയ്ക്ക് എല്ലാ തലങ്ങളിലുമുള്ള അനന്തവും വിശാലവുമായ സാധ്യതകളെ ശാസ്ത്രീയമായ അന്വേഷണ പഠന ഗവേഷണങ്ങളിലൂടെ പ്രയോജനപ്പെടുത്തുക എന്ന സദുദ്ദേശപരമായ ലക്ഷ്യമാണ് ഈ യൂണിവേഴ്സിറ്റിയുടെ രൂപീകരണത്തിൽ അടിസ്ഥാനപരമായി ഗവൺമെന്റിനെ നയപരമായി പങ്കുവഹിക്കുന്നതിൽ സ്വാധീനിച്ചിട്ടുള്ളത്. കടലിനെ നിയന്ത്രിക്കുന്ന രാജ്യം ഇന്ന് ഭൂമിയെ നിയന്ത്രിക്കുന്ന അവസ്ഥയിലേക്ക് കാലാവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ മത്സ്യ മേഖലയോടൊപ്പം സമുദ്രപഠനത്തിനുകൂടി പ്രാധാന്യം നൽകുന്ന ഫിഷറീസ് സർവ്വകലാശാല കേരളത്തിന്റെ മുന്നോട്ടുള്ള കുതിപ്പിന് പ്രയോജനകരമായി ത്തീരണം എന്ന കാഴ്ചപ്പാടാണ അടിസ്ഥാനമായി ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന കാര്യം കൂടി വ്യക്തമാക്കിക്കൊണ്ട് ചുരുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. പുരുഷോത്തമൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010–ലെ കേരള മത്സ്യ ബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഏറ്റവും സുപ്രധാനമായ ഒരു നിയമനിർമ്മാണത്തിന് ഈ സഭ സാക്ഷ്യം വഹിക്കുകയാണ്. രാജ്യത്തിന്റെ സമ്പദ്ഘടനയിൽ ഏറ്റവും സുപ്രധാനമായ പങ്ക് വഹിക്കുന്ന ഒരു മേഖല എന്ന നിലയ്ക്ക് വളരെ സുപ്രധാനമായ സ്ഥാനമാണ് മത്സ്യ മേഖലയ്ക്കുള്ളത്. പക്ഷേ ലോകമാകെയുള്ള സ്ഥിതിഗതികൾ വീക്ഷിക്കുമ്പോൾ ദൗർഭാഗ്യകരമായ സാഹചര്യങ്ങളാൽ ഈ മേഖല ആ നിലയിലേയ്ക്ക് ഉയർന്നുവന്നിട്ടില്ലെന്ന് കാണാൻ സാധിക്കും. ലോകത്ത് ജപ്പാൻ, ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങൾ മൽസ്യ മേഖലയിൽ ഉണ്ടാക്കിയ നേട്ടങ്ങൾ ആ രാജ്യങ്ങളുടെ സമ്പദ്ഘടനയിൽത്തന്നെ ഒരു സുപ്രധാന പങ്ക് വഹിക്കുകയും സാമ്പത്തിക വികാസത്തിന് ദിശാസൂചികയായി മാറുകയും ചെയ്തിട്ടുണ്ടെങ്കിലും ഇൻഡ്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ ശ്രദ്ധേയമായ മുന്നേറ്റമുണ്ടാക്കാൻ സാധിക്കാത്തതിന് ഒരു പരിഹാരമുണ്ടാക്കണമെന്ന സമഗ്രമായ വീക്ഷണത്തിന്റെയും കാഴ്ചപ്പാടിന്റെയും ഫലമായിട്ടാണ് ഫിഷറീസ് യൂണിവേഴ്സിറ്റി വിഭാവനം ചെയ്തിട്ടുള്ളത്. മൽസ്യ മേഖലയുമായി ബന്ധപ്പെട്ടുള്ള ഗവേഷണം, അദ്ധ്യാപനം, പഠനം തുടങ്ങി എല്ലാ വിഭാഗങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് കേരളത്തിന്റെ സമ്പദ്ഘടനയിലും സാമൂഹ്യ ജീവിതത്തിലും ശ്രദ്ധേയമായ വളർച്ച കൈവരിക്കാനും പുരോഗതി നേടിയെടുക്കാനും ഈ സർവ്വകലാശാലയിലൂടെ സാധിക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്. ഇപ്പോൾ ഈ മേഖലയിൽ ഒട്ടനവധിയായിട്ടുള്ള പ്രയാസങ്ങൾ നേരിടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായുള്ള വിഷമതകൾ, ആഗോളതാപനത്തിന്റെ ഫലമായുണ്ടാകുന്ന പ്രശ്നങ്ങൾ, വിദേശ ട്രോളറുകളുടെ ചൂഷണം തുടങ്ങി നിരവധിയായ പ്രയാസങ്ങൾ മൽസ്യ മേഖല നേരിടുകയാണ്. വിശേഷിച്ച് അനിയന്ത്രിതമായിട്ടുള്ള മത്സ്യ ചൂഷണത്തിന് സഹായകരമാകുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. നൂറുകണക്കിന് വിദേശ ട്രോളറുകൾക്ക് ലൈസൻസ് നൽകി രാജ്യത്തിന്റെ മത്സ്യ സമ്പത്ത് അനിയന്ത്രിതമായി ചൂഷണം ചെയ്യുകയാണ്. ചൂഷണം ചെയ്യുന്നുവെന്ന് മാത്രമല്ല, മത്സ്യക്കുഞ്ഞുങ്ങളെ നശിപ്പിച്ചുകൊണ്ട് മത്സ്യസമ്പത്തിന് തന്നെ നാശമുണ്ടാക്കുന്ന വിനാശകരമായ ഈ സമീപനത്തിന്റെ ഫലമായി ഇൻഡ്യയിലെ മത്സ്യമേഖല വല്ലാതെ ഭീഷണി നേരിടുകയാണ്. മാത്രവുമല്ല, നിരവധി മത്സ്യ ഇനങ്ങൾതന്നെ ഈ ഭൂലോകത്തുനിന്ന് ഇല്ലാതായിക്കൊണ്ടിരിക്കുകയംനിരവധി മത്സ്യങ്ങൾ വംശനാശഭീഷണി നേരിടുകയും ചെയ്യുകയാണ്. മാരകമായ രോഗങ്ങൾ കാരണം ധാരാളം മത്സ്യങ്ങളും ചെമ്മീനുൾപ്പെടെയുള്ള വലിയ മത്സ്യസമ്പത്ത് അനിയന്ത്രിതമായി നശിപ്പിക്കുന്ന നിലയിലേക്ക് കാര്യങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് മത്സ്യമേഖലയും മത്സ്യത്തൊഴിലാളികളും നേരിടുന്ന വിശേഷിച്ച് മത്സ്യ സമ്പത്തിന്റെ വംശനാശം എന്ന ഭീഷണിയെ

LIBRARY ARCHIVES Kerala Legislative Assembly

ചെറുക്കാൻ കഴിയുന്ന നിലയിലുള്ള ഗവേഷണങ്ങളും കണ്ടുപിടിത്തങ്ങളും ഉണ്ടായെങ്കിൽ മാത്രമേ യൂണിവേഴ്സിറ്റികൊണ്ട് കാര്യമുള്ളൂ. കേവലം സർട്ടിഫിക്കറ്റുകൾ നൽകുക, ബിരുദകോഴ്സുകൾ സംഘടിപ്പിക്കുക, എക്സാമിനേഷൻസ് സംഘടിപ്പിക്കുക, എന്നീ നിലകളിൽനിന്ന് മാറി വലിയ ശാസ്ത്ര ആ നിലയ്ക്കുള്ള ഗവേഷണങ്ങൾ സമൂഹത്തിനും നാടിനും വിശേഷിച്ച് ഈ മേഖലയുടെ അഭിവൃദ്ധിക്കും സഹായകരമായ നിലയിലേക്ക് ഉയർത്തിക്കൊണ്ടു വരാൻ ഈ യൂണിവേഴ്സിറ്റിക്ക് സാധിക്കേണ്ടതുണ്ട്. ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെയും തീരുമാനത്തിന്റെയുമെല്ലാം ഫലമായി ഈ സ്റ്റേറ്റിൽ ഒട്ടനവധിയായിട്ടുള്ള ക്ഷേമ പദ്ധതികളെല്ലാം നൽകിയതിന്റെ ഫലമായി കേരളത്തിലെ മത്സ്യ മേഖല വിശേഷിച്ച് മത്സ്യത്തൊഴിലാളികൾ ഇന്ന് സംതൃപ്തരാണ്. മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസമുൾപ്പെടെയുള്ള സഹായങ്ങൾ നൽകുകയും ചെയ്തു. അങ്ങനെ മത്സ്യത്തൊഴിലാളി മേഖലയെ മുന്നിൽ കണ്ടുകൊണ്ട് വിശേഷിച്ച്, മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ അഭിവൃദ്ധിക്ക് സഹായകരമായ സഹായങ്ങൾ ചെയ്യാനും ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പക്ഷേ മത്സ്യ മേഖല മൊത്തത്തിൽ എടുക്കുമ്പോൾ ഈ നാടിന്റെ സാധ്യതകൾ വിനിയോഗിക്കാനും, ഉപയോഗിക്കാനും അങ്ങനെ കേരളത്തിന്റെ സമ്പദ്ഘടനയിൽ ശ്രദ്ധേയമായ ഒരു സംഭാവന അർപ്പിക്കാൻ കഴിയുന്ന നിലയിലേക്ക് കേരളത്തിന്റെ മത്സ്യമേഖല മാറിയിട്ടില്ല എന്നതിന് പരിഹാരമുണ്ടാക്കാൻ ഈ യൂണിവേഴ്സിറ്റിയിലൂടെ സാധിക്കേണ്ടതുണ്ട്. അനുഗ്രഹീതമായ, വിശാലമായ കടൽ, കായൽ, നദികൾ എന്നിവ കൊണ്ട് സമ്പന്നമാണ് കേരളം. പക്ഷേ ആ സാധ്യതകൾ വിനിയോഗിക്കാൻ കഴിയുന്ന നിലയിൽ മത്സ്യ സമ്പത്തിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഗവേഷണങ്ങളുണ്ടാകണം.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: സർ, കേന്ദ്രത്തിന്റെ ചില നിയമങ്ങൾ പ്രത്യേകിച്ച് മത്സ്യമേഖലയിലെ തൊഴിലാളിൾക്ക് വളരെയേറെ ദ്രോഹം ചെയ്യുന്നുണ്ട്. ഒന്നാമതായി 22 കിലോമീറ്ററിനപ്പുറത്തേയ്ക്ക് മത്സ്യത്തൊഴിലാളികൾ പോയിട്ടുണ്ടെങ്കിൽ ഉടൻതന്നെ പിടിച്ചുകൊണ്ടു പോകുകയും ജയിലടയ്ക്കുകയും ഫൈൻ ഈടാക്കുകയും ചെയ്യുന്നുണ്ട്. അതുപോലെതന്നെ കടലോരത്ത് താമസിക്കുന്നവർക്ക് വീട് വയ്ക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടത്ര പണം ലഭിക്കാതിരിക്കുന്ന അവസ്ഥയുമുണ്ടാകാറുണ്ട്. ഈ അവസ്ഥയിൽ ഇത്തരമൊരു യൂണിവേഴ്സിറ്റി വരുമ്പോൾ ഫിഷറീസ് ഇക്കണോമി എന്ന ഒരു ഫാക്കൽറ്റി വരുന്നതോടുകൂടി പുതിയ മാനദണ്ഡങ്ങൾ കണ്ടെത്താൻ ഉപകരിക്കപ്പെടും. അതൊടൊപ്പംതന്നെ കാലാവസ്ഥ വ്യതിയാനങ്ങളെക്കുറിച്ചുള്ള കാലാവസ്ഥാ പഠനം എറ്റവും പ്രധാനപ്പെട്ടതാണ്. ഈ കടലിനകത്തെ പരിണാമ ചരിത്രം പരിശോധിച്ചാൽ ഓക്സിജൻ പ്രധാനം ചെയ്യുന്ന ധാരാളം അക്വാട്ടിക് പ്ലാന്റുകൾ അതിനകത്തുണ്ട്. ഇത്തരം പഠനത്തിനായി ഈ യൂണിവേഴ്സിറ്റികൾ ഉപകരിക്കും. കൂടാതെ ഉൾനാടൻ

മത്സ്യ പ്രജനനം എറ്റവും പ്രധാനപ്പെട്ടതാണ്. വെറ്റ് ലാന്റ്സ് സംബന്ധിച്ചുള്ള പഠനത്തിന് ഉപകരിക്കുന്ന രീതിയിൽ ഈ യൂണിവേഴ്സിറ്റികൾ മാറുമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എം. യൂസഫ്: സർ, ബഹുമാന്യനായ മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ യൂണിവേഴ്സിറ്റിയും അങ്ങയുടെ മറുപടിയും തീർച്ചയായും ഇന്ത്യയ്ക്കും കേരളത്തിനും ഉപകരിക്കപ്പെടും. വലിയ റഡാറുകളുപയോഗിച്ച് ആഴക്കടലിൽ നിന്നും നമ്മുടെ മത്സ്യസമ്പത്തിനെ മുഴുവൻ നശിപ്പിക്കുന്ന രൂപത്തിലും അടക്കംകൊല്ലി വലകൾ ഉപയോഗിച്ചുകൊണ്ട് മത്സ്യ കുഞ്ഞുങ്ങളെ നശിപ്പിക്കുന്ന രൂപത്തിലുമുള്ള പ്രവർത്തനങ്ങൾ ശക്തമായി നടക്കുകയാണ്. എന്തുകൊണ്ടും അത്തരത്തിലുള്ള വളരെ വിപുലമായ പഠനത്തിനും അതോടൊപ്പംതന്നെ ആസിയൻ രാജ്യങ്ങളുമായി ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ള കരാറിൽ കേരളത്തിലേക്കടക്കം നമ്മുടെ കടലിൽ നിന്നും കിട്ടുന്ന ഏറ്റവും രുചികരവും ഗുണകരവുമായിട്ടുള്ള മത്സ്യങ്ങൾ ഇവിടെയുള്ളപ്പോൾ അത് ഇവിടെ ഇറക്കുമതി ചെയ്തുകൊണ്ട് മത്സ്യമേഖലയിലെ തൊഴിലാളികളെയും നമ്മുടെ വരുമാനത്തെയും നശിപ്പിക്കാൻ ശ്രമിക്കുന്ന നടപടികൾക്കെതിരെ ശക്തമായ നിലപാടെടുക്കാൻ ഈ യൂണിവേഴ്സിറ്റി ഉപകരിക്കുമെന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. എം. കെ. പുരുഷോത്തമൻ: സർ, കേന്ദ്ര നയങ്ങൾ ഈ മേഖലയെ ശവപ്പറമ്പാക്കി മാറ്റുന്നു എന്നുള്ള കാര്യം ഞാനിവിടെ സൂചിപ്പിക്കുകയുണ്ടായി. ആ കേന്ദ്ര നയങ്ങൾ മൂലമുള്ള ഭവിഷ്യത്തുകൾക്കുള്ളിൽനിന്നുകൊണ്ട് ഒരു സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ സാധ്യമായ സഹായങ്ങൾ ചെയ്യുന്നുണ്ടെന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഒരു സുപ്രധാനമായ ബിൽ എന്നുള്ള നിലയിൽ, മത്സ്യമേഖലയ്ക്ക് നേടിയെടുക്കാൻ സാധിച്ചിട്ടുള്ള നേട്ടങ്ങൾ സംരക്ഷിക്കാനും കാത്തുസൂക്ഷിക്കാനും വർദ്ധിപ്പിക്കാനും കഴിയുന്ന നിലയിലേക്ക് ഫിഷറീസ് യൂണിവേഴ്സിറ്റി മാറേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഗവേഷകന്മാരും ശാസ്ത്രജ്ഞന്മാരും നൽകുന്ന സംഭാവനകളൊന്നും ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ ഈ സമൂഹത്തിന്റെ ഗവേഷണങ്ങൾ താഴേത്തട്ടിലുള്ളവർക്ക് ഉപകാരപ്രദമായ രീതിയിലേക്ക് വരുന്നില്ല. മാത്രമല്ല ഈ ഗവേഷകന്മാരും ശാസ്ത്രജ്ഞരും ജനോപകാരപ്രദമായ ഗവേഷണങ്ങൾക്ക് മുൻതൂക്കം നൽകുന്നതോടൊപ്പം ഇവരെക്കാളേറെ ധാരണയുള്ള, സാമാന്യമായ വിജ്ഞാനമുള്ള, നാട്ടറിവുള്ള ഗ്രാമീണ മത്സ്യത്തൊഴിലാളികളുടെ നാട്ടുവിജ്ഞാനവുമെല്ലാം വിനിയോഗിക്കാൻകൂടി ഈ ഫിഷറീസ് യൂണിവേഴ്സിറ്റിയിലൂടെ സാധിക്കേണ്ടതുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, എല്ലാ രംഗത്തും ഗവേഷണം കൊണ്ടും ശാസ്ത്രനേട്ടങ്ങൾ കൊണ്ടും വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. മത്സ്യക്കൂട്ടങ്ങൾ കടലിലെവിടെയാണെന്ന് സാറ്റലൈറ്റിലൂടെ കണ്ടെത്തി അവിടെപ്പോയി മീൻ പിടിക്കാൻ ഇന്ന് സാധിക്കും. നേരത്തെ ഇത് അറിയാൻ സാധിച്ചിരുന്നില്ല. സാറ്റലൈറ്റിലൂടെ മത്സ്യക്കൂട്ടം എവിടെയാണെന്ന് കണ്ടെത്തി

LIBRARY ARCHIVES Kerala Legislative Assembly

അവിടെപ്പോയി മീൻ പിടിക്കുമ്പോൾ അവരുടെ ജോലിഭാരം കുറയുകയും കൂടുതൽ മത്സ്യം ലഭിക്കുകയും ചെയ്യും. മൊബൈൽ ഫോണിലൂടെ ആഴക്കടലിൽ നിന്നുകൊണ്ട് മത്സ്യമാർക്കറ്റ് തീരുമാനിക്കുന്നു, വില നിശ്ചയിക്കുന്നു. ശാസ്ത്ര നേട്ടങ്ങളുടെ ഫലമായി മത്സ്യമേഖലയിലും മറ്റെല്ലാ മേഖലകളിലുമുണ്ടാകുന്ന വലിയ മാറ്റങ്ങളുടെ സൂചനയാണിത്. അതെല്ലാം തള്ളിക്കളഞ്ഞുകൊണ്ട് ഇതെല്ലാമുണ്ടായി എന്നുപറയുന്നത് യഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതല്ല.

ശ്രീ. പി. വിശ്വൻ: മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള യൂണിവേഴ്സിറ്റിയാണ്. പക്ഷേ, എങ്ങനെ ഉപയോഗപ്പെടുത്തും എന്നുള്ളതിലാണ് അതിന്റെ പ്രത്യേകത നിൽക്കുന്നത്. കാരണം, മനുഷ്യന്റെ ഇന്നത്തെ അവസ്ഥയെന്നുപറയുന്നത് യാഥാർത്ഥ്യത്തിന്റെ പരിധിയില്ലാത്ത വികാസജ്വരം പ്രകൃതിയെ കീഴടക്കുകയാണ്., പ്രകൃതി മനുഷ്യന്റെ അടിമയാണ്;. മനുഷ്യന് വേണ്ടിയുള്ളതാണ് പ്രകൃതി എന്നൊക്കെയുള്ള ചിന്ത വല്ലാതെ ഉയർന്നുവന്നിരിക്കുകയാണ്. പക്ഷേ, അതിന് പകരം പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ ആശ്രിതത്വം അംഗീകരിക്കാൻ മനുഷ്യസമൂഹം തയ്യാറാകണമെന്നുള്ള ചിന്ത ഹൃദയത്തിലേറ്റുന്നവരാണെങ്കിൽ ഈ യൂണിവേഴ്സിറ്റിയുടെ ഉപയോഗമെന്ന് പറയുന്നത് ഉജ്ജ്വലമായി മാറും. സമുദ്ര സമ്പത്ത് വർദ്ധിപ്പിക്കുവാനും വിവിധ തരങ്ങളിലുള്ള മത്സ്യങ്ങളെ വിപുലപ്പെടുത്തിയെടുക്കുവാനും സാധിക്കണം. മത്സ്യഭക്ഷണം വിവിധ വിറ്റാമിനുകളുടെ കലവറയാണ്. ഒരു യൂണിവേഴ്സിറ്റി വന്നുകഴിഞ്ഞാൽ ഏതെല്ലാം തരം മത്സ്യങ്ങളാണുള്ളത്, തമോഗുണങ്ങളുള്ളതേതാണ്, സാത്വിക ഗുണങ്ങളുള്ളതേതാണ് എന്നിവയെക്കുറിച്ചുപോലും ഗവേഷണം നടത്താൻ കഴിയും. മത്തി, ഏട്ട, കോര, തിരണ്ടി, കടൽവരാൽ, നെടുക, അരുണമീൻ മുതലായ തമോഗുണമുള്ള മീൻ എങ്ങനെ കൂടുതലായി വർദ്ധിപ്പിക്കാം, അതിന് എങ്ങനെ പ്രകൃതിയിൽ ഇടപെടാം ആ ഒരു ചിന്തയുടെ വ്യത്യസ്തത മാത്രമേ യഥാർത്ഥത്തിൽ ഗുണകരമാണോ അല്ലയോയെന്ന് പരിശോധിക്കാൻ കഴിയുകയുള്ളൂ. ചൈനയിലുള്ള പ്രസിദ്ധമായ ഫിഷറീസ് യൂണിവേഴ്സിറ്റി യഥാർത്ഥത്തിൽ ശാസ്ത്രീയ കാഴ്ചപ്പാടോടെ പ്രകൃതിയെ നോക്കുന്നതുകൊണ്ടാണ് ഇന്ന് അത് ഉജ്ജ്വലമായി മാറിയിട്ടുള്ളത്. മുതലാളിത്തത്തിന്റെ പരിധിയില്ലാത്ത വികാസജ്വരം ചൈനയിലില്ലാത്തതുകൊണ്ട് യഥാർത്ഥത്തിൽ ചൈനയിൽ ഫിഷറീസ് യൂണിവേഴ്സിറ്റി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ ഉപയോഗപ്പെടുത്തിയെന്നാണ് ലോകപ്രസിദ്ധമായ പ്രസിദ്ധീകരണങ്ങൾ പറയുന്നത്. ആ രൂപത്തിൽ ഇതിനെ മാറ്റാൻ കഴിയില്ലേ?

ശ്രീ. എം. കെ. പുരുഷോത്തമൻ: ഗവേഷണങ്ങളുടെ ഫലമായി വളർച്ചയുണ്ടായിട്ടില്ല, നേട്ടങ്ങൾ ലഭ്യമായിട്ടില്ല എന്നൊന്നും ഞാൻ സംസാരിച്ചിട്ടില്ല. പക്ഷേ മത്സ്യമേഖലയിലും മഹാഭൂരിപക്ഷം വരുന്ന പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ. മത്സ്യത്തൊഴിലാളിയുടെ ഭൗതിക ജീവിതത്തിനുകൂടി സഹായകരമായ നിലയിലേക്ക് ഈ ഗവേഷണങ്ങളുടെ ഗുണഫലം സിദ്ധിച്ചിട്ടില്ല. ആ കുറവ് ഈ യൂണിവേഴ്സിറ്റിയിലൂടെ സോൾവ് ചെയ്യാൻ സാധിക്കണം. ചുരുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ലിൽ ഗവേണിംഗ് കൗൺസിലിൽ മത്സ്യ വ്യവസായികൾ ഉൾപ്പെടെയുള്ള വ്യവസ്ഥകളുണ്ട്. പക്ഷേ, ഇതൊരു യൂണിവേഴ്സിറ്റിയാകുമ്പോൾ ആ യൂണിവേഴ്സിറ്റിയുടെ ജനാധിപത്യസങ്കൽപ്പത്തിന്, കാഴ്ചപ്പാടിന് സഹായകരമായിട്ടുള്ളത് യൂണിവേഴ്സിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട വിഭാഗം വിദ്യാർത്ഥികളാണ്. ആ ഗവേണിംഗ് കൗൺസിലിൽ വിദ്യാർത്ഥി പങ്കാളിത്തമില്ല, വിദ്യാർത്ഥി പ്രാതിനിധ്യം ഇല്ല എന്നതൊരു കുറവാണ്. അപ്പോൾ യൂണിവേഴ്സിറ്റിയുടെ ഗവേണിംഗ് ബോഡിയിൽ വിദ്യാർത്ഥി റെപ്രസന്റേഷൻ കൂടിയുണ്ടാവണം എന്നൊരു നിർദ്ദേശമുണ്ട്.

<u>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:</u> ഏറ്റവും അടിസ്ഥാനപരമായി ഈ യൂണിവേഴ്സിറ്റികൾ ഫങ്ഷൻ ചെയ്യുമ്പോൾ മത്സ്യത്തൊഴിലാളികളുണ്ട്. ആ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ഉൽപ്പാദന ഉപകരണങ്ങളുണ്ട്. ആ മത്സ്യത്തൊഴിലാളികൾക്ക് ഇന്ന് അവരുടെ ഉൽപ്പാദന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം സിദ്ധിച്ചിട്ടില്ല. വെസലുകളാണെങ്കിലും യാനങ്ങളാണെങ്കിലും മറ്റു പല ആളുകളുടേതുമാണ്. അവരുടെ ഉൽപ്പാദന ഉപകരണത്തെ വികസിപ്പിക്കുകയും അവർക്ക് ഉപകാരപ്പെടുകയും അതുപോലെ ഉടമസ്ഥാവകാശം അവർക്കുകൂടി കിട്ടുന്ന രീതിയിലുള്ള കൺസെപ്റ്റ് യൂണിവേഴ്സിറ്റിക്കുണ്ടാകണം എന്നുള്ള ധാരണ അങ്ങേക്കുണ്ടോ?

<u>ശ്രീ. എം. കെ. പുരുഷോത്തമൻ:</u> അത് യൂണിവേഴ്സിറ്റിയുടെ ഒരു സങ്കൽപ്പത്തിന്റെ ഭാഗമല്ലല്ലോ. പക്ഷേ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയം ഗൗരവമുള്ളതാണ് അക്കാര്യം ഗവൺമെന്റ് സ്വാഭാവികമായി ചിന്തിച്ച് വേണ്ട കാര്യങ്ങൾ ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:</u> സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ സർവ്വകലാശാല ഇന്ത്യയിലെ ആദ്യത്തെ ഒരു സംരംഭമാണെന്ന് മന്ത്രി ശ്രീ. എസ്. ശർമ്മ ഇവിടെ പറയുകയുണ്ടായി. എനിക്ക് തോന്നുന്നത് കൽക്കട്ടയിലും ചെന്നൈയിലും കേന്ദ്ര ഗവൺമെന്റ് ഈ അടുത്ത കാലത്ത് രണ്ട് മറൈൻ മാരിടൈം അക്കാഡമി സ്ഥാപിച്ചിട്ടുണ്ട് എന്നാണ്. ഏതായാലും ഈ സർവ്വകലാശാലയ്ക്ക് വമ്പിച്ച പ്രാധാന്യമുണ്ട്. കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളായി പുതിയ സർവ്വകലാശാലയെപ്പറ്റി ഇവിടെ ചർച്ച നടന്നപ്പോൾ വന്നിട്ടുള്ള വിമർശനം നമ്മുടെ സർവ്വകലാശാലകൾ സേവന വേതന വ്യവസ്ഥകൾ ചർച്ച ചെയ്യുന്ന സ്ഥാപനങ്ങളായി ഒതുങ്ങിപ്പോകുന്നു, ഗവേഷണങ്ങളും പഠനങ്ങളും വേണ്ടത്ര നടക്കുന്നില്ല എന്നുള്ളതാണ്. ശരിയാണ്. ഇന്നിപ്പോൾ ഏറ്റവുംകൂടുതൽ തൊഴിൽ സാധ്യത കിട്ടുന്ന ഐ.റ്റി. സബ്ജക്റ്റിൽ കേരള സർവ്വകലാശാലകളെ ഉൾപ്പെടുത്താൻ പതിറ്റാണ്ടുകൾ വൈകിപ്പോയി. ഇപ്പോൾ ഇന്ത്യയിൽ ഐ.റ്റി. വ്യവസായത്തിന്റെ ഹബ്ബ് ഹൈദ്രാബാദ് ആണെന്നും ബാംഗ്ലൂരാണെന്നുമൊക്കെ പറയുന്നു. 1967 ഉസ്മാനിയാ യൂണിവേഴ്സിറ്റി

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഐ.റ്റി. സിലബസ്സിൽ ഉൾപ്പെടുത്തിയിരുന്നു. ഒരുപക്ഷേ അതുകൊണ്ടാവാം അതിന്റെ കേന്ദ്രമായി അവർക്ക് വളരാൻ സാധിച്ചത്. അതുപോലെ ബാംഗ്ലൂരും ഉൾപ്പെടുത്തി. എൺപതുകളുടെ മദ്ധ്യത്തിലാണ് ഐ.ടി. നമ്മുടെ സിലബസ്സിൽ ഉൾപ്പെടുത്താൻ സാധിച്ചത്. നമ്മുടെ സർവ്വകലാശാലകളുടെ പൊതുവിലുള്ള ഒരു കുഴപ്പം കാലോചിതമായി പുതിയ കണ്ടെത്തലുകൾ നടത്താനോ അക്കാഡമിക് പ്രവർത്തനത്തിലൂടെ അത് ശക്തിപ്പെടുത്താനോ സാധിക്കുന്നില്ലെന്നുള്ളതാണ്. അതുമാത്രമല്ല, രാഷ്ട്രീയ അതിപ്രസരത്തിന്റെയും ട്രേഡ് യൂണിയനിസത്തിന്റെയുമൊക്കെയുള്ള പ്രശ്നങ്ങളാണ് നമ്മുടെ സർവ്വകലാശാലകൾക്കുള്ളത് എന്നുള്ള വിമർശനം കഴിഞ്ഞ രണ്ട് ദിവസത്തെ ചർച്ചകളിൽ ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. തീർച്ചയായും അങ്ങ് പ്രകടിപ്പിച്ചതുപോലെ ഇത് മഹത്തായ ഒരു ഗവേഷണത്തിന്റെ കേന്ദ്രമായി മാറ്റുമെന്ന അങ്ങയുടെ ആഗ്രഹം പൂവണിയണമെന്നുള്ളത് തന്നെയാണ് എനിക്കും പറയുവാനുള്ളത്. കാരണം നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത ഏകദേശം അറുന്നൂറ് കിലോമീറ്ററോളം കടൽത്തീരമുണ്ടെന്നുള്ളതാണ്. ലക്ഷക്കണക്കിന് ആളുകൾ ആ മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. അതുകൊണ്ട് ഈ യൂണിവേഴ്സിറ്റിക്ക് നല്ല പ്രാധാന്യമുണ്ട്. ഈ യൂണിവേഴ്സിറ്റിക്ക് നമ്മൾ ഫിഷറീസ് യൂണിവേഴ്സിറ്റിയെന്നാണ് പേരിട്ടിരിക്കുന്നത്. ആ പേര് അൽപ്പം ഇടുങ്ങിയതായിപ്പോയി എന്നാണ് എനിക്ക് തോന്നുന്നത്. ഇതിന് യോജിച്ച പേര് അക്വാകൾച്ചർ യൂണിവേഴ്സിറ്റി എന്നായിരുന്നു. കാരണം വളരെ young ആയിട്ടുള്ള, ഡയനാമിക്കായിട്ടുള്ള ഒരു ഇൻഡസ്ട്രിയാണ്. ഇത് വലിയതോതിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്ന് അങ്ങ് തന്നെ ഇവിടെ പറഞ്ഞു. 2025 ആകുമ്പോൾ 32 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ള ഒരു മേഖലയാണിത്. അടുത്ത കാലത്ത് അമേരിക്കയിൽ നടത്തിയിട്ടുള്ള ഒരു പഠനത്തിൽ 2018 ആകുമ്പോൾ ഏറ്റവും കൂടുതൽ പരിശീലനം കിട്ടിയ ഹ്യൂമൻ റിസോഴ്സസിന്റെ ഷോർട്ടേജ് വരുന്ന ഒരു മേഖല ഈ മേഖലയായിരിക്കുമെന്ന് പറയുന്നുണ്ട്. ഈ മേഖലയ്ക്ക് വളരെയധികം സാധ്യതയുള്ളതുകൊണ്ടുതന്നെ ഇതിന്റെ പേര് അക്വാകൾച്ചർ യൂണിവേഴ്സിറ്റി എന്നാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ നമുക്കറിയാം കടലിനെ സംബന്ധിച്ച് നമ്മുടെ ഒരു കാഴ്ചപ്പാടിനെക്കുറിച്ച് ശ്രീ. എം. ടി. വാസുദേവൻ നായർ പറഞ്ഞിട്ടുള്ളത്, ആയിരം അജ്ഞാത സത്യങ്ങളെ ഗർഭം ധരിച്ചിരിക്കുന്ന സമുദ്രത്തേക്കാൾ എനിക്കിഷ്ടം ഞാൻ അറിയുന്ന നിളയാണ് എന്നാണ്. നമുക്ക് പുഴകളെക്കുറിച്ചേ അറിയുകയുള്ളൂ.. എനിക്ക് തോന്നുന്നത്, ബഹുമാനപ്പെട്ട മന്ത്രി എസ്. ശർമ്മ പുഴകളെക്കുറിച്ച് മാത്രമല്ല, കടലിനെക്കുറിച്ചും വളരെ ആത്മാർത്ഥമായി പഠിക്കാൻ ശ്രമിക്കുന്ന ഒരു മന്ത്രിയാണ് എന്നാണ്. പക്ഷേ മന്ത്രിയും ഗവൺമെന്റും കുറെ ക്ഷേമപദ്ധതികൾ നടത്തിയെന്നല്ലാതെ ദീർഘവീക്ഷണത്തോടുകൂടി ഈ മേഖലയ്ക്ക് പറ്റിയ ഒരു ഇടപെടലും നടത്താൻ സാധിച്ചിട്ടില്ല എന്നത് നമ്മുടെ പൊതുവിലുള്ള പരിമിതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായും ഈ അക്വാകൾച്ചർ യൂണിവേഴ്സിറ്റി വരുന്നതോടുകൂടി നമുക്ക് ആ മേഖലയിൽ ശക്തമായി ഇടപെടാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഇപ്പോൾ കുളങ്ങളിലും പുഴകളിലും സമുദ്രത്തിലും ഒരുപാട് തൊഴിൽ സാദ്ധ്യതകളുണ്ട്. ഇന്ന് ഫ്രഷ് വാട്ടർ മുതൽ എല്ലാ മിനറൽസും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇനി ഭാവിയിൽ മനുഷ്യന്റെ ആശ്രയം കടൽ ആയിരിക്കും. കടലിൽ നിന്നും ഇപ്പോൾത്തന്നെ മഗ്നീഷ്യം, ഡയമണ്ട്, ഫ്രഷ് വാട്ടർ ഉൾപ്പെടെ നമ്മൾ ഉപയോഗിക്കുന്നുണ്ട്. കൂടാതെ കടൽ സിങ്ക്, കോപ്പർ, സിൽവർ, ഗോൾഡ് ഉൾപ്പെടെ വലിയൊരു ശേഖരണത്തിന്റെ കേന്ദ്രംകൂടിയാണ്. പക്ഷേ അത് നമുക്ക് കണ്ടെത്താനും എടുക്കാനും സാധിക്കുന്നില്ല. ഈ മേഖല ഒരുപാട് ഗവേഷണത്തിനും പഠനത്തിനും സാധ്യതയുള്ള ഒരു വിശാലമായ ഏരിയയാണ്. തൊഴിൽ സാദ്ധ്യതയും അതുപോലെതന്നെ മനുഷ്യന്റെ ഭാവി ജീവി തത്തിന്, അവന്റെ കുടിവെള്ളത്തിന്റെപോലും ആശ്രയം കടലാണ്. അത് എങ്ങനെ ജനങ്ങൾക്ക് കൂടു തൽ സൗകര്യപ്രദമായി എത്തിക്കാമെന്നത് സംബന്ധിച്ചെല്ലാം പഠനം നടത്തേണ്ട ഒരു കേന്ദ്രമായി ഈ സ്ഥാപനം മാറേണ്ടതുണ്ട്. പക്ഷേ നമുക്കറിയാം, നമ്മുടെ നിലവിലുള്ള യൂണിവേഴ്സിറ്റികളുടെയൊക്കെ പരിമിതിയെന്നു പറയുന്നത്, രാഷ്ട്രീയാതി പ്രസരത്തിന്റെയൊക്കെ ഫലമായിട്ടുള്ള ഒരുപാട് പ്രശ്നങ്ങളുണ്ട്. അക്കാദമിക് ചർച്ചകളും ഗവേഷണങ്ങളും നടക്കുന്നില്ലെന്നുള്ള ഒരു പരിമിതി നമ്മുടെ നിലവിലുള്ള യൂണിവേഴ്സിറ്റികൾക്കെല്ലാമുണ്ട് എന്നുള്ള വിമർശനത്തിന്റെ പശ്ചാത്തലത്തിൽ വേണം ഈ യൂണിവേഴ്സിറ്റിയുടെ രൂപീകരണത്തെ സംബന്ധിച്ച് ചിന്തിക്കേണ്ട തെന്നാണ് എനിക്ക് പറയാനുള്ളത്. ഈ യൂണിവേ ഴ്സിറ്റിയിൽ ഈ മേഖലയുമായി ബന്ധപ്പെട്ട് ഒരുപാട് സാധ്യതയുള്ള നിരവധി ഡിപ്പാർട്ടുമെന്റുകൾ നമുക്ക് ആലോചിക്കാവുന്നതാണ്. ഡിപ്പാർട്ടുമെന്റ് ഓഫ് ലിമ്നോളജി, ഇൻലാൻഡ് വാട്ടറുമായി ബന്ധപ്പെട്ട് ഈ യൂണിവേഴ്സിറ്റിക്ക് ഡിപ്പാർട്ടുമെന്റ് ഓഫ് അക്വാകൾച്ചർ എന്നുള്ള ഒരു ഡിപ്പാർട്ടുമെന്റ് ഉൾപ്പെടു ത്താവുന്നതാണ്. അതുപോലെ നിരവധിയുണ്ട്. ഉദാഹരണത്തിന് മുത്ത് കൃത്രിമമായി ഉണ്ടാക്കുന്നതിനെ സംബന്ധിച്ചുള്ള പഠനങ്ങൾ ഒക്കെ ഉൾപ്പെടു ത്താവുന്നതാണ്. നമ്മുടെ നാട്ടിൽ കല്ലുമ്മക്കായ ഇപ്പോൾ കയറുമ്മക്കായയായ് ഉൽപ്പാദിപ്പിക്കുന്നുണ്ട്. ആ വിധത്തിൽ മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ട് ഉൽപ്പാദനവും ജോലിയുമൊക്കെ വർദ്ധിപ്പിക്കാനാവശ്യമായിട്ടുള്ള ഒരുപാട് കാര്യങ്ങൾ ഈ യൂണിവേഴ്സിറ്റിയുടെ ഭാഗമായി നമുക്ക് വികസിപ്പിച്ചെടുക്കാൻ സാധിക്കും.

ശ്രീ. പി. സി. വിഷ്ണുനാഥ്: അങ്ങ് ഫിഷറീസ് സർവ്വകലാശാലയെ ക്കുറിച്ചാണ് സംസാരിക്കുന്നത്. നാഷണൽ knowledge കമ്മിഷന്റെ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. രാജ്യത്ത് നിലവിലുള്ള സർവ്വകലാശാ ലകളുടെ എണ്ണം കുറയ്ക്കണമെന്നാണ് നാഷണൽ knowledge കമ്മിഷന്റെ ശ്രദ്ധേയമായ ഒരു നിർദ്ദേശം. ആഗോളതലത്തിൽ നിലവിലുള്ള സർവ്വകലാശാ ലകളുടെ എണ്ണം തന്നെ കുറയ്ക്കണമെന്നുള്ള നിർദ്ദേശം ഉയർന്നുവരുന്ന സമയത്ത്, ഇപ്പോൾ കേരളത്തിൽ കണ്ണ് തെറ്റിയാൽ ഒരു യൂണിവേഴ്സിറ്റി ഉണ്ടാകുന്ന സ്ഥിതിയാണ്. ഇങ്ങനെ ഓരോ വിഷയത്തിലും യൂണിവേഴ്സിറ്റി

LIBRARY ARCHIVES Kerala Legislative Assembly

കളുടെ പെരുപ്പം എന്നുള്ളത് ആശാസ്യകരമായ സമീപനമായി അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. കെ. കെ. ഷാജു: നിലവിൽ കേരളത്തിൽ പ്രശസ്തമായിട്ടുള്ള ചില യൂണിവേഴ്സിറ്റികളുണ്ട്. കേരള യൂണിവേഴ്സിറ്റി, കോഴിക്കോട് യൂണിവേഴ്സിറ്റി, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി. ഇപ്പോൾ മലയാള സർവ്വകലാശാലയ്ക്ക് വേണ്ടിയുള്ള നീക്കങ്ങൾ നടക്കുന്നു എന്നൊക്കെ പറയുന്നു. ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് ഇവിടെ ചോദിച്ചത് വളരെ പ്രസക്തമായിട്ടുള്ള ഒരു ചോദ്യമാണ്. അഗ്രികൾച്ചർ യൂണിവേഴ്സിറ്റി പോലെയുള്ള പല സർവ്വകലാശാലകളും സാമ്പത്തിക ബാധ്യതകൊണ്ട്, പ്രയാസംകൊണ്ട് അതിന്റേതാകുന്ന പ്രവർത്തനങ്ങളും കാര്യങ്ങളും മുമ്പോട്ടുകൊണ്ടുപോകാൻ പറ്റാതെ വരികയും ഗവേഷണപരമായിട്ടുള്ള പ്രവർത്തനങ്ങൾപോലും മുടങ്ങിപ്പോകുകയുമൊക്കെ ചെയ്യുന്ന തരത്തിലുള്ള അതീവ ഗുരുതരമായുള്ള സ്ഥിതി വിശേഷത്തിലാണ്. ഉദാഹരണത്തിന് ഇവിടത്തെ വെറ്ററിനറി കോളേജിനെക്കുറിച്ച് പറയുകയാണെങ്കിൽ മഹാരാജാവിന്റെ കാലത്ത് ഉണ്ടാക്കിയിട്ടുള്ള വലിയ കെട്ടിടങ്ങളാണ്. ആ കെട്ടിടങ്ങളുടെ മെയിന്റനൻസുപോലും നടത്താതെ തകർന്ന് മണ്ണടിയുകയാണ്. ഞാൻ കഴിഞ്ഞ ദിവസം ഒരു നിയമസഭാ കമ്മിറ്റിയുമായി ബന്ധപ്പെട്ട് മണ്ണുത്തിയിൽ പോയിരുന്നു. അവിടെ ചെന്നപ്പോൾ അവിടത്തെ വെറ്ററിനറി കോളേജിൽ പോയി. മഹാരാജാവിന്റെ കാലത്ത് പണിചെയ്ത നമ്മുടെ സാംസ്ക്കാരിക പാരമ്പര്യത്തിന്റെയൊക്കെ പ്രതീകമായിട്ടുള്ള കെട്ടിടങ്ങൾ സംരക്ഷിക്കാൻ നിർവ്വാഹമില്ലാതെ മണ്ണടിയുകയാണ്. ആ നിലയിലുള്ള സാമ്പത്തിക പ്രാരാബ്ധങ്ങൾ ഓരോ യൂണിവേഴ്സിറ്റിയും നേരിട്ടുകൊണ്ടിരിക്കുമ്പോൾ മുക്കിന് മുക്കിന് ഇങ്ങനെ ഓരോ യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നത് ഇപ്പോഴുള്ള സാമ്പത്തിക ബാദ്ധ്യത കൂടെക്കൂടി ഗുരുതരമാക്കുന്ന ഒരു പ്രക്രിയയിലേക്കല്ലേ പോകുന്നത്? അതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: തീർച്ചയായും ഇൻഡ്യയിലെ വിദ്യാഭ്യാസ വികസനവുമായി ബന്ധപ്പെട്ട് നമ്മുടെ സർവ്വകലാശാലകൾ അനുഭവിക്കുന്ന സാമ്പത്തിക പ്രശ്നങ്ങളൊക്കെ പലതവണ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ കേരളത്തിലെ സർവ്വകലാശാലകളിൽ ജീവനക്കാരുടെ പി. എഫ്. പോലും അടയ്ക്കാൻ പറ്റാത്ത, ശമ്പളം പോലും കൊടുക്കാൻ പറ്റാത്ത ഒരുപാട് പ്രതിസന്ധികളുണ്ട്. ആ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ ഇവിടെ ശ്രീ പി. സി. വിഷ്ണുനാഥ് ഉന്നയിച്ചിട്ടുള്ള ആശങ്കയും ശ്രീ. കെ. കെ. ഷാജു പറഞ്ഞിട്ടുള്ളതും വളരെ അർത്ഥവത്തായ കാര്യങ്ങളാണ്. ഈ യൂണിവേഴ്സിറ്റിതന്നെ പനങ്ങാട്ട് ഫിഷറീസ് കോളേജിന്റെ ഭാഗമായി നടപ്പിലാക്കണമെങ്കിൽ പത്ത് ഇരുപത്തിയാറ് കോടി രൂപ വേണം. യു. ജി. സി. യിൽ നിന്ന് ഫണ്ട് കിട്ടുമോ. അല്ലെങ്കിൽ വിദ്യാർത്ഥികളിൽനിന്ന് കണ്ടെത്തുമോ, അതോ സർക്കാർ ഇതിന് ഫണ്ട് കൊടുക്കുമോ; ഇപ്പോൾ അംഗങ്ങൾ ഇവിടെ ഉന്നയിച്ചിട്ടുള്ള ആശങ്കയുടെ പശ്ചാത്തലത്തിൽ എങ്ങനെയാണ് ഇതിനാവശ്യമായ ഫണ്ട് കിട്ടുക എന്നുള്ളത് മന്ത്രി വിശദീകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പള്ളിപ്രം ബാലൻ: ആധുനിക ശാസ്ത്രം വളരുന്നതനുസരിച്ച് ശാസ്ത്ര സാങ്കേതിക വിദ്യ മുഴുവൻ സ്വകാര്യ വ്യക്തികൾ കൈയടക്കുകയാണ്. അതിലെ നേട്ടവും അവർ ലാഭത്തിനുവേണ്ടി വിനിയോഗിക്കുകയാണ്. അത്തരമൊരു സാഹചര്യത്തിൽ സാധാരണക്കാരന്റെ മക്കളെ ഉദ്ദേശിച്ച് ആധുനിക ശാസ്ത്രം വികസിപ്പിച്ച് മത്സ്യബന്ധന രംഗത്ത് നൂതനമായ കണ്ടു പിടിത്തങ്ങൾ അവർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാർതന്നെ മുൻകൈ എടുത്ത് ഇങ്ങനെയൊരു സർവ്വകലാശാല സ്ഥാപിക്കുന്നതിനെ യഥാർത്ഥത്തിൽ സ്വാഗതം ചെയ്യുകയല്ലേ വേണ്ടത്?

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് പറഞ്ഞത് നിലവിലുള്ള യൂണിവേഴ്സിറ്റികളുടെ എണ്ണം കുറയ്ക്കണമെന്നുള്ളതാണ് കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്ന ഒരു നയം എന്നാണ്. കുറയ്ക്കണമെന്ന് പറയാനുള്ള കാരണം എന്താണെന്നുവച്ചാൽ, ബിർള അംബാനി കമ്മീഷൻ റിപ്പോർട്ടിനുശേഷം ഇൻഡ്യയിൽ പ്രത്യേകിച്ച് സ്വകാര്യമേഖലയിൽ യൂണിവേഴ്സിറ്റികളുടെ ആധിക്യം ഉണ്ടായി. അങ്ങനെ യൂണിവേഴ്സിറ്റിയുടെ ആധിക്യം ഉണ്ടായപ്പോൾ ക്വാളിറ്റി ഓഫ് എഡ്യൂക്കേഷൻ വളരെയധികം മോശമാകുകയും ഒരുപാട് വിദ്യാഭ്യാസ പ്രശ്നങ്ങളുണ്ടാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ ഒരു തീരുമാനമെടുത്തത്. മറിച്ച്, കേരളത്തിലാണെങ്കിൽ ഇത്തരം പുതിയ സർവ്വകലാശാലകൾ വരുന്നത്, ഈ പുതിയ കാലഘട്ടത്തോട് പ്രതികരിക്കുന്ന രീതിയിൽ ഗവൺമെന്റ് കൊണ്ടുവരുന്ന പുതിയ പഠനങ്ങളുടെ അടിസ്ഥാനത്തിലായതുകൊണ്ട് ഇതെല്ലാം സ്വാഗതാർഹമല്ലേ എന്നുള്ളതാണ് ഞാൻ ചോദിക്കുന്നത്. ഈ സ്റ്റേറ്റിൽ ഇത്തരം യൂണിവേഴ്സിറ്റി പ്രത്യേകിച്ച്, ഏറ്റവും കൂടുതൽ സാക്ഷരതയുള്ളതും ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നതും കൂടുതൽ പേർ പുറത്തുപോയി പഠിക്കുന്നതൊക്കെയുള്ള ഇത്തരം സ്പെഷ്യലൈസ്ഡ് എഡ്യൂക്കേഷന്റെ കാലഘട്ടത്തിൽ ഈ യൂണിവേഴ്സിറ്റിക്ക് സാങ്കേതികമായി വളരെ നെസസിറ്റിയാണ് എന്നുള്ള ഒരു അഭിപ്രായം എനിക്കുണ്ട്. അത് അങ്ങേക്ക് ഇല്ലേ എന്നുള്ളതാണ് എന്റെ ചോദ്യം?

മി. ഡെപ്യൂട്ടി സ്പീക്കർ: നടപടിക്രമം അനുസരിച്ച് അങ്ങ് സംസാരിച്ചിട്ട് വീണ്ടും ചോദിക്കുമ്പോഴേ സംശയം പാടുള്ളൂ. വെറുതെ ഇങ്ങനെ ഓരോ മുത്തമായി എഴുന്നേറ്റ് പറയുമ്പോൾ സംശയം ചോദിക്കുന്നത് തെറ്റാണ്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: മറ്റ് യൂണിവേഴ്സിറ്റികളുടെ സ്ഥിതിയും അതിന്റെ പ്രവർത്തനങ്ങളും ഗവേഷണ രീതികളുമൊക്കെ മോശവും അതുപോലെതന്നെ സാമ്പത്തിക പ്രതിസന്ധിയുമൊക്കെയുള്ളതാണ്. പക്ഷേ അക്വാകൾച്ചർ യൂണിവേഴ്സിറ്റി എന്നുപറയുന്നത് നമ്മുടെ പുതിയ ഒരു ഏരിയയാണ്. ഈ മേഖലയ്ക്ക് ഒരുപാട് സാധ്യതകളുണ്ട്. മനുഷ്യൻ കടന്നു ചെല്ലാത്ത മേഖല എന്നുവേണമെങ്കിൽ പറയാം. ഗവേഷണവും ഉൽപ്പാദനവും ജോലിസാധ്യതയുമൊക്കെ കൂടുതലുള്ള ഒരു മേഖലയാണ്. ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നം വളരെ കൃത്യമാണ്. അതായത് ഇതിനാവശ്യമായ ഫണ്ടിന്റെ പരിമിതിയുണ്ട്. ഇതിനാവശ്യമായ ഫണ്ട് യു.ജി.സി. തരുകയോ അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് കൊടുക്കുകയോ, കുട്ടികളിൽനിന്ന് കണ്ടെത്തുകയോ

വേണമെന്നുള്ള ഒരു ആശങ്ക ഈ ബില്ലിന്റെ മുന്നിലുണ്ട് എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഏതായാലും ഈ യൂണിവേഴ്സിറ്റി ഒരു പുതിയ മേഖല എന്നുള്ള നിലയിൽ അഭിമാനകരമായ ഒരു സ്ഥാപനമാക്കി വളർത്തിയെടുക്കാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല.

ശ്രീ. കെ. സി. ജോസഫ്: സംസ്ഥാനത്ത് വെറ്ററിനറി യൂണിവേഴ്സിറ്റി വേണം, ഫിഷറീസ് യൂണിവേഴ്സിറ്റി വേണം, മെഡിക്കൽ യൂണിവേഴ്സിറ്റി വേണം എന്നുള്ളതിൽ തർക്കമൊന്നുമില്ല. പക്ഷേ ഒരു ഗവൺമെന്റിന്റെ കാലാവധി തീരാൻ പോകുന്ന flag end-ൽ ഇനി 62 ദിവസം ബാക്കിയില്ല. ഇനി 60 ദിവസമേ ബാക്കിയുള്ളൂ. ഈ മൂന്ന് യൂണിവേഴ്സിറ്റികൾ..... ഈ സെഷനിൽ ഇന്നലെ മെഡിക്കൽ യൂണിവേഴ്സിറ്റി ബിൽ കൊണ്ടുവന്നു. ഇന്ന് രാവിലെ വെറ്ററിനറി യൂണിവേഴ്സിറ്റി, ബിൽ കൊണ്ടുവന്നു. ഇപ്പോൾ ഫിഷറീസ് യൂണിവേഴ്സിറ്റി ബിൽ കൊണ്ടുവന്നു. ഈ നിയമസഭയിലെ പ്പോലും മെമ്പർമാരുടെ സാന്നിദ്ധ്യം നോക്കൂ. നിയമസഭയിൽപ്പോലും ഒരു നിയമത്തിന്റെ ഗൗരവം കണക്കിലെടുക്കാൻ സാധിക്കാത്ത രീതിയിൽ ഇങ്ങനെ ബിൽ കൊണ്ടുവരുന്ന പ്രവണതയോടാണ് യോജിക്കാൻ കഴിയാത്തത്. അല്ലാതെ യൂണിവേഴ്സിറ്റിക്ക് വേറെ കുഴപ്പമൊന്നുമില്ല. യൂണിവേഴ്സിറ്റി വേണം, പക്ഷേ ഈ ഗവൺമെന്റിന് അതിൽ seriousness ഇല്ല. ഇനി ഈ ഗവൺമെന്റിന് 60 ദിവസം ബാക്കിയില്ല. അപ്പോഴാണ് യൂണിവേഴ്സിറ്റിയെക്കുറിച്ച് ആലോചിക്കുന്നത്? എന്തുകൊണ്ട് നേരത്തെ ആലോചിച്ചില്ല. അപ്പോൾ ഒരു നിയമനിർമ്മാണത്തിനുള്ള ഗൗരവംപോലും കൊടുക്കാതെ, വീണ്ടുവിചാരമില്ലാതെ പോകുന്ന നടപടിയോട് അങ്ങേയ്ക്ക് യോജിക്കാൻ സാധിക്കുമോ?

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: ശ്രീ. കെ. സി. ജോസഫ് ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നം വളരെ ഗൗരവമുള്ളതാണ്. കാരണം ഇത്രയും പ്രധാനപ്പെട്ട ഒരു സർവ്വകലാശാലയെക്കുറിച്ചുള്ള ചർച്ചയിൽ ഗവൺമെന്റുതന്നെ പ്രാധാന്യം കണ്ടിട്ടില്ല. 10 ദിവസം നീണ്ടുനിൽക്കുന്ന സഭയുടെ ഏറ്റവും അവസാനം അംഗങ്ങളൊന്നുമില്ലാതെ, ഏറ്റവും ഗൗരവപ്പെട്ട ഒരുപക്ഷേ നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളംതന്നെ ഒരു പ്രധാനപ്പെട്ട സ്ഥാപനത്തെക്കുറിച്ച് വളരെ നിരുത്തരവാദപരമായിട്ടുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്നുള്ള വിമർശനം ഇവിടെ ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ചിട്ടുള്ളത് ശരിയാണ്. അതുകൊണ്ട് ഈ ബിൽ വിശദമായ ചർച്ചയ്ക്ക് സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ഇവിടെ പൊതുവായി നടന്നിട്ടുള്ള ചർച്ചയിൽ ചില ക്രിയാത്മകമായിട്ടുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉന്നയിച്ചിട്ടുണ്ട്. അടിസ്ഥാനപരമായി ലോകത്ത് ഇപ്പോൾ നിലവിലുള്ള ഫിഷറീസ് യൂണിവേഴ്സിറ്റികൾ വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് ഇന്ത്യയിൽ ഇതിന്റെ പ്രാധാന്യവും ആവശ്യകതയും അടിസ്ഥാനമാക്കിക്കൊണ്ട് എപ്രകാരമായിരിക്കണമെന്നുള്ളതുസംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ ഇന്ത്യാ ഗവൺമെന്റിന്റെ ഉപദേഷ്ടാവും സി.ഐ.എഫ്.ടിയുടെ ഡയറക്ടറുമായിരുന്ന ഡോ. രവീന്ദ്രനെത്തന്നെ ചെയർമാനാക്കിക്കൊണ്ടാണ് പഠനം നടത്തിയത്. ആ പഠനത്തിന്റെ റെക്കമെന്റേഷൻസാണ് ഗവൺമെന്റ് ഈ ബില്ലിന്റെ ഉള്ളടക്കമായി സ്വീകരിച്ചത്. ഇവിടെ അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ ഗവേഷണത്തിനും കൂടുതൽ പഠനത്തിനും മികവുറ്റ ഒരു കേന്ദ്രമായി ഈ മേഖല മാറണം. ഇതാണ് അടിസ്ഥാന തത്വം. ഗവേഷണമെന്ന് പറയുന്നത് കുറച്ച് പേപ്പർ തയ്യാറാക്കി ഡോക്ടറേറ്റ് എടുത്ത് ആർക്കെങ്കിലും സർട്ടിഫിക്കറ്റ് കൊടുക്കുന്ന ഒരു പ്രോസസ് എന്നുള്ള നിലയ്ക്കല്ല. സാമ്പത്തിക മംഗത്ത് ഉൽപ്പാദന മേഖലയിൽ സർവ്വതല സ്പർശിയായി ഇന്ന് സഹിഷ്ണുതയിട്ടുള്ള ഗവേഷണ പഠനം നടന്നിട്ടില്ല. ഈ കമ്മിറ്റിയുടെ റിപ്പോർട്ടു വരുന്ന 2025 വരെ 32 ലക്ഷത്തോളം വരുന്ന തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന അനന്തമായ സാധ്യതകളെ സംബന്ധിച്ചാണ് വിശകലം ചെയ്തിട്ടുള്ളത്. അപ്പോൾ സാമൂഹ്യ വളർച്ചയ്ക്കുള്ള ഒരു ആയുധമാണ് ഗവേഷണം. സാമൂഹ്യ വളർച്ച എന്നുപറയുന്നത് ഏത് സമൂഹത്തിന്റെ പുരോഗതിക്കാണോ നാം ഒരു സർവ്വകലാശാലകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്, ആ സമൂഹത്തിന്റെകൂടി പുരോഗതിയാണ്. ആ സമൂഹമെന്ന് പറയുന്നത് ഫിഷറീസ് സമൂഹമാണ്. ആ ഫിഷറീസ് സമൂഹത്തിന്റെ പുരോഗതി എന്തുകൊണ്ടാണ് അനിവാര്യമാക്കിത്തീർക്കുന്നത്? സാമ്പത്തിക സാമൂഹ്യ വളർച്ചയിൽ അവർ വലിയ പങ്ക് വഹിക്കുന്നുണ്ട്. പക്ഷേ അവരുടെ ജീവിതത്തിന്റെ വളർച്ചയിൽ സമൂഹത്തിന് തിരിച്ച് വലിയ പങ്ക് വഹിക്കാൻ കഴിയുന്നില്ല. ഈ അടിസ്ഥാനപരമായ ദൗർബല്യം കേരളസമൂഹം അഭിമുഖീകരിക്കുന്നുണ്ട്. ഇന്ത്യയിലും മത്സ്യമേഖല അഭിമുഖീകരിക്കുന്നുണ്ട്. ഗവേഷണമെന്നുള്ളത്, പഠനമെന്നുള്ളത് എല്ലാ തലങ്ങളിലും സർവ്വതലസ്പർശിയായി നടത്തുമ്പോൾ സാമൂഹ്യ വളർച്ചയ്ക്കുള്ള ഒരു ആയുധമായിരിക്കണം ഗവേഷണം. അതാണ് ചൈനയിലും ജപ്പാനിലുമെല്ലാം ഉപയോഗപ്പെടുത്തിയത്. ഇന്ന് ലോകത്ത് നിലവിലുള്ള രാഷ്ട്രങ്ങളിൽ സാമ്പത്തിക വളർച്ചയിൽ ഏറ്റവും കൂടുതൽ മത്സ്യോൽപ്പാദനം നടത്തിയത് ചൈനയും ജപ്പാനുമാണെന്ന് ഞാൻ ആമുഖ സംഭാഷണത്തിൽ പറയുകയുണ്ടായി. ഒരു എഞ്ചിനായിട്ടാണ് ഫിഷറീസ് സെക്ടറിലെ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നത്. വിദഗ്ദ്ധ പഠനം വസ്തുതാപരമായി തെളിയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഗവേഷണമെന്നുള്ളത് സാമ്പത്തിക സാമൂഹ്യ വളർച്ചയ്ക്കുള്ള ഒരു ആയുധമായിരിക്കണം. അതിന്റെ മികവുറ്റ ഒരു കേന്ദ്രമായി ഇതിനെ മാറ്റണം. ബഹുമാന്യനായ സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് ബഹുമാനപ്പെട്ട എം. കെ. പുരുഷോത്തമനോട് ചോദ്യരൂപത്തിൽ പ്രകടിപ്പിച്ച ഒരു കാര്യമുണ്ട്. മത്സ്യബന്ധനത്തിന്റെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കി എന്നുള്ളത് യൂണിവേഴ്സിറ്റി ആക്ടിന്റെ പരിധിയിൽ വരുന്നതല്ല. ഉന്നയിച്ചിട്ടുള്ള ചോദ്യം വളരെ പ്രസക്തവും കാലികവുമാണ്. ഇക്കാര്യത്തിൽ കേരളത്തിലെ കോസ്റ്റൽ ബെൽറ്റിലുള്ള എല്ലാ സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അഭിപ്രായ സമന്വയത്തെ അടിസ്ഥാനമാക്കി

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മത്സ്യബന്ധനത്തിന്റെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കുന്ന ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ഗവൺമെന്റ് നയപരമായി ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ കരട് തയ്യാറാക്കിവരികയാണ്. ഈ സഭാകാലയളവിനുള്ളിൽ അവതരിപ്പിക്കാൻ കഴിയണമെന്ന ആഗ്രഹമാണ് ഗവൺമെന്റിനുള്ളത്. അത് ദശാബ്ദങ്ങളായി ഉയർന്നുവരുന്ന തീരപ്രദേശത്തിന്റെ ഒരു പൊതുവികാരവുമാണ്. ഓഷ്യൻ സയൻസിനെക്കുറിച്ചുള്ള സ്റ്റഡികൂടി ഇതിൽ ഉദ്ദേശിക്കുന്നുണ്ട്. ഫിഷറീസ് എന്നുപറയുന്നത് അക്വാകൾച്ചർ മാത്രമല്ല, മത്സ്യമേഖലയുമായി ബന്ധപ്പെട്ടുള്ള പഠനം വിവിധ തലങ്ങളിൽ ആവശ്യമാണെന്നുള്ളതുകൊണ്ടാണ് ഇതിനെ ഫിഷറീസും ഓഷ്യൻ സ്റ്റഡീസും എന്ന നിലയിലേക്ക് നാമകരണം ചെയ്യാനുദ്ദേശിക്കുന്നത്. അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ പാർട്ടാണ് ഫിഷറീസ് കോളേജും ഫിഷറീസ് പഠനവുമൊക്കെ. ബില്ലിന്റെ ചർച്ചയുടെ ഘട്ടത്തിലും ഐ.സി.എ.ആർ.-മായി ആശയവിനിമയമെല്ലാം നടത്തിയിട്ടുണ്ട്. ICAR-ന്റെ സഹായവും ഗവൺമെന്റിന്റെ സഹായവും ഇതിന്റെ ഭാഗമായി വരുന്നുണ്ട്. ഒരുപാട് യൂണിവേഴ്സിറ്റികളെക്കുറിച്ച് പറഞ്ഞു. കൂണുപോലെ യൂണിവേഴ്സിറ്റികൾ വരികയാണ്. സഹകാര്യമേഖലയിലും ഒരുപാട് യൂണിവേഴ്സിറ്റികൾ വരികയാണ്. പക്ഷേ അവയ്ക്ക് സോഷ്യൽ കൺട്രോൾ ഉണ്ട്. ഭാവി ലോകചരിത്രത്തിന്റെ ഗതിതന്നെ നിർണ്ണയിക്കപ്പെടുന്ന കടലിനെ കരയാണ് നിയന്ത്രിച്ചിരുന്നത്. ഇപ്പോൾ കരയേയും ലോകത്തേയും കടൽ നിയന്ത്രിക്കുന്ന കൈമറ്റാണ്. ചെയ്ഞ്ചിന്റെ ഒരു കാലമാണ്. ഇന്നത്തെ ലോക പഠനങ്ങളിൽ ഏറ്റവും ഗൗരവമുള്ള ഒരു അന്താരാഷ്ട്ര സബ്ജക്ടാണ്, അഡ്രസ് ചെയ്യേണ്ട ഒരു സബ്ജക്ടാണ് ഓഷ്യൻ സ്റ്റഡി എന്നുപറയുന്നത്. മുൻപാണെങ്കിൽ വള്ളത്തിൽ മീൻപിടിക്കാൻ പോകും, കടലിൽക്കൂടി കപ്പൽ പോകും. ഇന്ന് എണ്ണ ഖനനം, ബഹുമാനപ്പെട്ട ശ്രീ. എ. പി.അബ്ദുള്ളക്കുട്ടി തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ള കുടിവെള്ളത്തിന്റെ ഉൾപ്പെടെ ഒരുപാട് തലങ്ങളിൽ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും അതേ അവസരത്തിൽ സാമൂഹ്യപരമായും കാലാവസ്ഥയിലുമെല്ലാം ഉണ്ടാകുന്ന അതീവ ഗൗരവതരമായ ചലനങ്ങളെയും നിരീക്ഷണങ്ങളെയും മാറ്റങ്ങളെയും പഠിക്കുന്നതിനും അതനുസരിച്ച് സമൂഹത്തിന് പ്രയോജനപ്പെടുത്തുവാൻ കഴിയണമെന്നുമുള്ള കാഴ്ചപ്പാടാണ് നമുക്ക് ഈ കാര്യത്തിലുള്ളത്. നിയമസഭ അവസാനിക്കാൻ പോകുന്ന സമയത്താണ് ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നതെങ്കിലും നിയമസഭ തുടർച്ചയാണല്ലോ. കോൺസ്റ്റിറ്റ്യൂഷണലായിട്ട് ഗവൺമെന്റ് എന്ന് പറയുന്നതും തുടർച്ചയാണല്ലോ. ഒരു ഇലക്റ്റഡ് മാനേജ്മെന്റ് എന്ന് പറയുന്നത് കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ച് അഞ്ച് വർഷം എന്ന് കണക്കാക്കുന്നതല്ലേയുള്ളൂ. ഇതൊരു പ്രോസസ് ആണ്. നമ്മൾ ഈ സെഷൻ ചേർന്നത് എന്തിനാണ്? നമ്മൾ ഈ സെഷൻ ചേർന്നത് ഒറ്റ കാര്യത്തിനാണ്. പെൻഡിംഗിലുള്ള ഓർഡിനൻസ് കുറച്ചെങ്കിലും ബിൽ ആക്കണം. അതാണ് ഈ സെഷന്റെ ഉദ്ദേശം. അപ്പോൾ അതിൽ ഏതിനാണ് ഗവൺമെന്റ് പ്രയോറിറ്റി കൊടുക്കുന്നത്. ഓർഡിനൻസ് ഇറക്കിയിട്ടുള്ളതിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രയോറിറ്റി കൊടുത്തത് ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ നമ്മൾ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ട് നമുക്ക് അതിലൊന്നും ഉത്കണ്ഠപ്പെടാനില്ല. നാളെ `A' or `B'. അതൊന്നും ഒരു ക്വസ്റ്റ്യനേ അല്ല. കോൺസ്റ്റിറ്റ്യൂഷണലായിട്ടുള്ള പ്രോസസ് ഭരണപരമായി തുടരും. അത് ഒരു ഗവൺമെന്റിന്റെ തുടർച്ചയുടെ ഭാഗമാണ്. അംഗങ്ങളില്ലാത്തതിന് ഗവൺമെന്റ് എന്താണ് ഗൗരവതരമായി ചെയ്യേണ്ടത്? യഥാർത്ഥത്തിൽ –ഒരു മടിയൻശീലം നമ്മളെ സ്വാധീനിക്കുന്നുണ്ട്. സഭ തീരുന്ന ഈ ദിവസം എങ്ങനെയെങ്കിലും ഉച്ച കഴിഞ്ഞാൽ വേഗം പോകണമെന്നുള്ള ഒരു ട്രെന്റുണ്ട്. അതനുസരിച്ച് പരിപാടികളൊക്കെ നിശ്ചയിച്ച് പോകും. യഥാർത്ഥത്തിൽ എല്ലാ അംഗങ്ങളും ഉണ്ടാകേണ്ടതായിരുന്നു എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അങ്ങനെ ആകേണ്ടതായിരുന്നുവെന്ന് നമുക്കെല്ലാം പൊതുവേ ആഗ്രഹിക്കാം. അതിന് ഇപ്പോൾ ഒരു ക്രിട്ടിസിസം ഉന്നയിച്ച് അതിന് പരിഹാരം കാണണ്ട. അംഗങ്ങൾ നിയമനിർമ്മാണ പ്രക്രിയയിൽ വരുന്ന പങ്കാളിത്തവും എല്ലാം ഉറപ്പുവരുത്തിക്കൊണ്ട് പോകാൻ കഴിയുന്ന വിധത്തിൽ ഈ ചർച്ച ഒരു പ്രചോദനമായിത്തീരട്ടെ എന്ന വിശ്വാസത്തോടെ നമുക്ക് വകുപ്പുതിരിച്ചുള്ള ചർച്ചയിലേക്ക് പ്രവേശിക്കാം.

മി. സ്പീക്കർ : ശ്രീ. എം. കെ. പുരുഷോത്തമൻ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. കെ. പുരുഷോത്തമൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം.കെ. പുരുഷോത്തമൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച ഭേദഗതി നിരാകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2-ാം വകുപ്പ്

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ശ്രീ. കെ. അച്ചുതന്റെ 114-ാം നമ്പർ ഭേദഗതിയും ശ്രീ. എം. പ്രകാശൻ മാസ്റ്ററുടെ 117, 132 എന്നീ നമ്പർ ഭേദഗതികളും ശ്രീ. ബി. ബാബു പ്രസാദിന്റെ 124-ാം നമ്പർ ഭേദഗതിയും പ്രൊഫ. എൻ. ജയരാജിന്റെ 140-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ബാബുവിന്റെ 145-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

(114) ഖണ്ഡം 2 (എ) താഴെ പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(എ) "അക്കാഡമിക് കൗൺസിൽ" എന്നാൽ 17-ാം വകുപ്പ് അനുസരിച്ച് രൂപീകരിക്കുന്ന സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിൽ എന്നർത്ഥമാകുന്നു."

(117) ഖണ്ഡം 2(എൽ) "എന്നർത്ഥമാകുന്നു" എന്ന വാക്കിനുപകരം "എന്നർത്ഥമാകുന്നതും അതിൽ ജൈവശാസ്ത്രം, പാരിസ്ഥിതിക ശാസ്ത്രം, സാങ്കേതിക വിദ്യ, സാമ്പത്തിക ശാസ്ത്രം, സാമൂഹിക ശാസ്ത്രം, പോഷക ശാസ്ത്രം എന്നീ ഉൾപ്പെടെയുള്ള എല്ലാ മേഖലകളും അടങ്ങുന്നതുമാകുന്നു." എന്നീ വാക്കുകൾ ചേർക്കുക.

(124) ഖണ്ഡം (2) (കൃ)-ൽ "മൽസ്യബന്ധന വിഭവങ്ങൾ എന്നതിനുപകരം "മൽസ്യവിഭവങ്ങൾ" എന്ന വാക്ക് ചേർക്കുക.

(132) ഖണ്ഡം 2 (വി)-ൽ "മറ്റു ഉദ്യോഗസ്ഥൻ" എന്നത് 'ഉദ്യോഗസ്ഥനോ' എന്നു മാറ്റുക.

(140) ഖണ്ഡം 2 (എകെ)-യിൽ "പരിപാടികൾ" എന്നത് "പദ്ധതികൾ" എന്ന് ഭേദഗതി ചെയ്യുക.

(145) ഖണ്ഡം 2 (എ.എൽ.)-ൽ " മൽസ്യബന്ധനത്തിനും" എന്നവാക്കിനുപകരം "ഫിഷറീസിനും" എന്ന വാക്ക് ചേർക്കുക.

ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ : സർ, വളരെ പ്രധാനപ്പെട്ട ഒരു ബിൽ ആണ് കൊണ്ടുവന്നത് എന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ നടന്ന ചർച്ചകളുടെ ഭാഗമായി തന്നെ നമുക്ക് ഒരുപാട് പ്രതീക്ഷകൾ ഉണ്ടാകുന്ന ഒരു യൂണിവേഴ്സിറ്റിയാണ് വരാൻ പോകുന്നത്. അതിൽ കൃഷി, കന്നുകാലി വളർത്തൽ തുടങ്ങിയ മേഖലകളെ ആശ്രയിച്ച് ജീവിക്കുന്നതുപോലെതന്നെ മത്സ്യബന്ധനവുമായിട്ട് ബന്ധപ്പെട്ട് ഒരു വലിയ വിഭാഗം ജനങ്ങൾ ജീവിക്കുന്നുണ്ട്. മാത്രവുമല്ല, ഇപ്പോൾ ഇവിടെ പറഞ്ഞതുപോലെ ഞാൻ സമയമെടുത്ത് പറയുന്നില്ല. പരിസ്ഥിതി പ്രശ്നങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങളുമായി ബന്ധപ്പെടുമ്പോൾ സമുദ്ര പഠനങ്ങൾ വളരെ ഗൗരവതരമായി നടക്കേണ്ടതാണ്. സമുദ്രമെന്ന നിലയിൽ മാത്രമല്ല 110-ാമത്തെ ഭേദഗതിയിൽ പ്രധാനമായിട്ട് പറയാനുള്ളത് സാങ്കേതിക വിദ്യ .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : 2-ാം വകുപ്പിന്റെ ഭേദഗതിയാണ് എടുത്തിരിക്കുന്നത്. ബഹുമാനപ്പെട്ട ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറയുന്നത് ഒന്നാം വകുപ്പിലെ ഭേദഗതി സംബന്ധിച്ചാണ്.

ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(115) ഖണ്ഡം 2 (ഡി)-യിൽ 'മൽസ്യ ഉൽപ്പാദനത്തേയും' എന്ന വാക്കുകൾക്കുശേഷം 'സംസ്കരണത്തേയും' എന്ന വാക്ക് ചേർക്കുകയും 'പ്രദർശന വിഷയവുമായി ബന്ധപ്പെട്ട' എന്നീ വാക്കുകൾക്കുശേഷം 'കോളേജുകളും' എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

(121) ഖണ്ഡം (2) (എം)-ൽ 'സുസ്ഥിര മാനേജ്മെന്റും' എന്ന വാക്കുകൾക്കുശേഷം 'സംസ്കരണവും വാണിജ്യവും' എന്ന വാക്കുകൾ ചേർക്കുക.

(129) ഖണ്ഡം 2 (യു)-വിൽ 'സംരക്ഷണവും' എന്ന വാക്കിനുശേഷം 'പരിപാലനവും ഉപഭോഗവും' എന്ന വാക്ക് ചേർക്കുക.

(135) ഖണ്ഡം 2 (ഇസഡ്)-നു ശേഷം (ഐ) ആയി താഴെ പറയുന്ന ഇനം ചേർക്കുക. 'കോളേജ്' എന്നാൽ ഫിഷറീസിലോ സമുദ്ര പഠനത്തിലോ വിദ്യാഭ്യാസം നൽകുന്നതും സർവ്വകലാശാല നടത്തുന്നതുമായ സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഒരു സ്ഥാപനം എന്നർത്ഥമാകുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ് ശർമ്മ) : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 115, 121, 129, 135 എന്നീ നമ്പർ ഭേദഗതികളും ഔദ്യോഗിക ഭേദഗതികളും അംഗീകരിക്കാവുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 115, 121, 129, 135 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(146) ഖണ്ഡം 3(1)-ൽ താഴെ പറയുന്ന ഭാഗം ഭേദഗതി ചെയ്യുക.

"(1) കേരള ഫിഷറീസ് സർവ്വകലാശാല" എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കേണ്ടതും ഏകാംഗികമായിരിക്കേണ്ടതുമാണ്.

(149) ഖണ്ഡം 3(4)-ൽ "പ്രാധികാരം ചെയ്ത" എന്ന വാക്കിനുപകരം ചുമതലപ്പെടുത്തിയ എന്ന വാക്ക് ചേർക്കുക.

ഈ ബില്ലിന് നിർദ്ദേശിച്ചിരിക്കുന്ന പേര് 'കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല' എന്നാണ്. ഒരു യൂണിവേഴ്സിറ്റിയ്ക്ക് പേരിടുമ്പോൾ ഇത്രയും വലിയ പേരിന്റെ ആവശ്യമെന്താണ്? എന്റെ നിർദ്ദേശം 'കേരള ഫിഷറീസ് സർവ്വകലാശാല' എന്നതാണ്. നാളെ അങ്ങനെയാണ് അറിയപ്പെടാൻ പോകുന്നത്. അല്ലാതെ ആരും കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല എന്ന് പറയാൻ പോകുന്നില്ല. യൂണിവേഴ്സിറ്റിയുടെ പേരിന് ഒരു പ്രാധാന്യമുണ്ട്. അതുകൊണ്ട് എന്റെ അമെന്റ്മെന്റ് മൂവ് ചെയ്യുകയാണ്. ഈ യൂണിവേഴ്സിറ്റിയുടെ പേര് കേരള ഫിഷറീസ് സർവ്വകലാശാല എന്ന് മാറ്റണം. രണ്ടാമത്തെ കാര്യം, ഖണ്ഡം 3(4)-ൽ പറയുന്നത് സർവ്വകലാശാലയ്ക്കുവേണ്ടിയോ അതിനെതിരായോ ഉള്ള എല്ലാ വ്യവഹാരങ്ങളുടെയും മറ്റ് നിയമനടപടികളുടെയും വാദങ്ങളിൽ രജിസ്ട്രാറോ അദ്ദേഹം ഇതിലേക്കായി പ്രാധികാരം ചെയ്ത മറ്റേതെങ്കിലും ..... ഈ 'പ്രാധികാരം' എന്ന് പറഞ്ഞാൽ എന്താണ്? ഇത്തരം കട്ടിയുള്ള വാക്ക് ഉപയോഗിക്കേണ്ട ആവശ്യമുണ്ടോ? 'പ്രാധികാര'ത്തിന് പകരം ചുമതലപ്പെടുത്തിയത് എന്നാക്കണം. കുറച്ചുകൂടി ലഘുവായി മനുഷ്യൻ ഉപയോഗിക്കുന്ന വാക്ക് ഉപയോഗിച്ചാൽ പോരെ? 'പ്രാധികാരം' ചെയ്യുക എന്ന വാക്കിന്റെ അർത്ഥം എന്താണെന്ന് അറിയാൻ ഡിക്ഷ്ണറിയിൽ നോക്കാൻ പോകണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : 3-ാം വകുപ്പിൽ ശ്രീ. കെ.സി. ജോസഫ് പറഞ്ഞ ഫിഷറീസ് യൂണിവേഴ്സിറ്റി എന്നത് ഒറ്റ വാക്കിൽ കേൾക്കുമ്പോൾ ഒരു മോശം ഉണ്ടെങ്കിലും ഇപ്പോൾ നമ്മൾ ഒരു അമെന്റ്മെന്റ് കൊണ്ടുവരുന്നുണ്ട്. അത് മത്സ്യബന്ധനത്തിനും സമുദ്ര പഠനത്തിനും എന്നുള്ളതിന്റെ സ്ഥാനത്ത് കേരള ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ് എന്നാണ്. ഓഷൻ സ്റ്റഡീസ് എന്നുള്ളത് നമുക്ക് ഒരു കാരണവശാലും ഒഴിവാക്കാൻ പറ്റില്ല. ഓഷൻ സ്റ്റഡീസുമായി ബന്ധപ്പെട്ട് ഇന്റർനാഷണലായിട്ടുള്ള ഒരു ഇമ്പോർട്ടൻസ് ഇതിൽ വരികയാണ്. അത്

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് എന്നുള്ള നിർവ്വചനത്തിന്റെ പരിധിയിൽ മാത്രം ഒതുങ്ങുന്നതല്ല. അത് കണക്റ്റഡ് ആണ്. അപ്പോൾ അത് രണ്ടുംകൂടി ചേർത്ത് വരിക എന്നുള്ളതാണ് നമ്മൾ ഉദ്ദേശിക്കുന്നത്. അതുകൊണ്ടാണ് ശ്രീ. കെ. സി. ജോസഫ് പറഞ്ഞ അഭിപ്രായം അംഗീകരിക്കാൻ പറ്റില്ല എന്ന് പറയേണ്ടിവരുന്നത്.

ശ്രീ. ബി. ബാബു പ്രസാദിന്റെ 148-ാം നമ്പർ ഭേദഗതിയും ശ്രീ. ജോർജ് മേഴ്സിയറുടെ 150-ാം നമ്പർ ഭേദഗതിയും ഒഫീഷ്യൽ ഭേദഗതിയായി അവതരിപ്പിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

(148). ഖണ്ഡം 3 (4)-ൽ "പ്രാധികാരം ചെയ്ത" എന്ന വാക്കുകൾക്കു പകരം "അധികാരപ്പെടുത്തിയ" എന്ന വാക്ക് ചേർക്കുക.

(150). ഖണ്ഡം 3 (4)-ൽ "മറ്റേതെങ്കിലും ആളോ" എന്ന വാക്കുകൾക്കു പകരം "മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ" എന്ന വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ : മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 146, 149 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

4-ാം വകുപ്പ്

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(151) ഖണ്ഡം 4-ലെ ആദ്യവരി താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

(1) സർവ്വകലാശാലയുടെ ഭൂമിശാസ്ത്രപരമായ അധികാര വ്യാപ്തി കേരള സംസ്ഥാനം മുഴുവനും വ്യാപിച്ചിരിക്കുന്നതാണ് .

(154) ഖണ്ഡം 4(2)-ൽ "ഫിഷറീസ്" എന്ന വാക്കിനുപകരം "മത്സ്യബന്ധന" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(157). ഖണ്ഡം 4 (2)-ൽ "സാങ്കേതിക വിദ്യാ സ്ഥാപനങ്ങളെയും" എന്നതിനുപകരം "സാങ്കേതിക വിഷയങ്ങളെയും" എന്നും "സംബന്ധിച്ച്" എന്ന വാക്കിനുശേഷം "ബോധനം നടത്താൻ" എന്നീ വാക്കുകളും "ഏതൊരു സ്ഥാപനങ്ങളും" എന്ന വാക്കുകൾക്ക് പകരം "ഏതൊരു സ്ഥാപനവും" എന്നീ വാക്കുകളും ചേർക്കുക.

(159). ഖണ്ഡം 4 (3)-ൽ "കീഴിൽ വരുന്ന എല്ലാ" എന്നീ വാക്കുകൾക്ക് ശേഷം "കോളേജുകളും" എന്ന വാക്ക് ചേർക്കുക.

"യാതൊരു" എന്ന വാക്കിനുശേഷം "കോളേജോ" എന്ന വാക്ക് ചേർക്കണം.

(166). ഖണ്ഡം 4 (5)-ൽ "സ്ഥാപനങ്ങളായി" എന്ന വാക്കിനുശേഷം "അംഗീകരിക്കാവുന്നതോ ഏറ്റെടുക്കാവുന്നതോ" എന്നു ചേർക്കുക.

ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ : 157-ാം നമ്പർ ഭേദഗതിയിൽ പഠനം നടത്തേണ്ടുന്ന 'സാങ്കേതിക വിഷയങ്ങൾ സംബന്ധിച്ച്' എന്നുള്ളത് ചേർക്കണം. ഇതിനകത്ത് "സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച്" എന്നാണ്. അതിനെക്കുറിച്ച് "ബോധനം നടത്താൻ" എന്നുള്ള വാക്ക് ചേർക്കണം. അതുപോലെ "ഏതൊരു സ്ഥാപനങ്ങളും" എന്നതിന് പകരം "ഏതൊരു സ്ഥാപനവും" എന്ന് പറഞ്ഞാൽ മതി. "സാങ്കേതിക വിഷയങ്ങൾ സംബന്ധിച്ചുള്ള ഗവേഷണവും" എന്ന് ചേർക്കണം. 159-ാംനമ്പർ ഭേദഗതിയിൽ കോളേജ് എന്നൊരു വാക്കുണ്ട്. ഇതിനകത്ത് എവിടെയും കോളേജ് എന്നുള്ള പരാമർശം വരുന്നില്ല. സ്ക്കൂളുകൾ എന്നാണ് വരുന്നത്. "ഏതൊരു സ്ഥാപനവും" എന്നതിനുപകരം "കോളേജുകളും സ്ക്കൂളുകളും" എന്ന് ചേർക്കേണ്ടതാണ്.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 157, 159, 166 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യല്ല.

മി. സ്പീക്കർ : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 157, 159, 166 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 151, 154 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5-ാം വകുപ്പ്

<u>ശ്രീ. എം. കെ. പുരുഷോത്തമൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(171). ഖണ്ഡം 5 (vi)-നുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നത് പുനഃക്രമീകരിക്കുകയും ചെയ്യുക.

"(vii). ഫിഷറീസ് സമുദ്രപഠനമേഖലകളിൽ സംരംഭകത്വം വളർത്തിയെടുക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.

(viii). ഉൽപ്പാദനക്ഷമത, പ്രതിരോധശേഷി, ഗുണമേന്മ എന്നീ ഗുണവിശേഷങ്ങളുള്ളതും കേരളത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യമായതുമായ വളർത്തു മൽസ്യങ്ങൾ, വളർത്തു ചെമ്മീനുകൾ, വളർത്തു കക്കകൾ എന്നിവയുടെ ഇനങ്ങളും, സങ്കരയിനങ്ങളും വികസിപ്പിക്കുകയും ചെയ്യുക.

(ix). വളർത്തു മൽസ്യങ്ങളുടെ സുസ്ഥിരകൃഷി വികസനത്തിന് അനുയോജ്യമായ കൃഷിരീതികളും, മൽസ്യത്തീറ്റകളും, മൽസ്യരോഗനിയന്ത്രണ, പ്രതിരോധ, ജാഗ്രതാ നടപടികളും വികസിപ്പിക്കുക.

(x). കേരളത്തിന്റെ മൽസ്യജൈവ വൈവിധ്യം സംരക്ഷിക്കുകയും, അവയുടെ ബൗദ്ധിക സ്വത്തവകാശം സ്ഥാപിച്ചെടുക്കുകയും, ബയോടെക്നോളജി പോലുള്ള നൂതന സാങ്കേതിക വിദ്യയുടെ സാധ്യതകൾ വികസിപ്പിച്ചെടുക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക.

(xi). പരമ്പരാഗത മൽസ്യ സാങ്കേതിക വിദ്യകളും, നാട്ടറിവുകളും, സുസ്ഥിര മൽസ്യസംരക്ഷണം, പരിപാലന വികസനം എന്നീ മേഖലകളിൽ പ്രയോജനപ്പെടുത്തുന്നതിന് പഠനങ്ങൾ നടത്തുകയും പഠന ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുക.

(xii). മൽസ്യബന്ധനത്തിനെപ്പറ്റിയും അനുബന്ധ ആവാസ വ്യവസ്ഥകൾ, പ്രസക്തമായ പാരിസ്ഥിതിക ഘടകങ്ങൾ എന്നിവയെപ്പറ്റി യുള്ള ഗവേഷണം ശക്തിപ്പെടുത്തുക.

ഫിഷറീസും മജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. എസ്. ശർമ്മ</u>) : സർ, താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

(169) ഖണ്ഡം 5 (iv)-ൽ "അതത് മേഖലകളിലും സമുദ്രപഠന മേഖലയിലും" എന്നീ വാക്കുകൾക്കു പകരം "അതത് മേഖലകളിൽ" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. പുരുഷോത്തമൻ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. കെ. പുരുഷോത്തമൻ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6-ാം വകുപ്പ്

ശ്രീ. എം. കെ. പുരുഷോത്തമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾഅവതരിപ്പിക്കുന്നു.

(172) ഖണ്ഡം 6 (1)-ൽ "എല്ലാ ആൾക്കാർക്കും" എന്ന വാക്കുകൾക്കു പകരം "ഏതൊരാൾക്കും" എന്ന വാക്ക് ചേർക്കുക.

(174) ഖണ്ഡം 6 (1)-ന്റെ ക്ലിപ്തനിബന്ധനയിൽ "സർട്ടിഫിക്കറ്റുകളോ" എന്ന വാക്കിനുപകരം "സർട്ടിഫിക്കറ്റോ" എന്നു ചേർക്കുക.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(175) ഖണ്ഡം 6 (2)-ൽ "പട്ടികവർഗ്ഗക്കാർക്കും" എന്ന വാക്കിനുപകരം "പട്ടികഗോത്രവർഗ്ഗക്കാർക്കും" സർട്ടിഫിക്കറ്റോ എന്ന വാക്ക് ചേർക്കുക.

(184) ഖണ്ഡം 6 (2)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഉദ്യോഗാർത്ഥികളെ" എന്ന വാക്കിനുപകരം "വിദ്യാർത്ഥികളെ" എന്ന വാക്ക് ചേർക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

(179) ഖണ്ഡം 6 (2)-ൽ "ഉദ്യോഗാർത്ഥികൾക്കുമായി" എന്ന വാക്കിനു പകരം "വിദ്യാർത്ഥികൾക്കുമായി" എന്ന വാക്ക് ചേർക്കുക.

(181). ഖണ്ഡം 6 (2)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഉദ്യോഗാർത്ഥികളെ" എന്ന വാക്കിനു പകരം "വിദ്യാർത്ഥികളെ" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ശ്രീ. എം. കെ. പുരുഷോത്തമൻ അവതരിപ്പിച്ച 172, 174 എന്നീ ഭേദഗതികൾ സ്വീകരിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. എം. കെ. പുരുഷോത്തമൻ അവതരിപ്പിച്ച 172, 174 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. ടി അഹമ്മദ് അലി അവതരിപ്പിച്ച 175, 184 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

7-ാം വകുപ്പ്

ശ്രീ. സാജുപോൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(199) (i) ഖണ്ഡം 7 ൽ -(i) ൽ ഇനം (ഇ)-ൽ 'കോളേജിലോ' എന്ന വാക്കിന് ശേഷം 'സ്കൂളിലോ' എന്ന വാക്ക് ചേർക്കുക

(ii) ഇനം (ജി) യിൽ 'ഫീൽഡ് വർക്കേഴ്സിനും' എന്നതിന് ശേഷം 'ഗ്രാമീണർക്കും മറ്റാളുകൾക്കും' എന്ന വാക്കുകൾക്ക് പകരമായി 'മത്സ്യ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും സംരംഭകർക്കും' എന്ന വാക്കുകൾ ചേർക്കുക.

(iii) ഇനം (ഐ) യിൽ 'ബന്ധപ്പെട്ട' എന്ന വാക്കിന് ശേഷം 'കോളേജുകൾക്കും' എന്ന വാക്ക് ചേർക്കുക

(iv) ഇനം (ജെ) യിൽ സ്ഥാപനങ്ങൾ എന്ന വാക്കിന് പകരം 'പരിശീലന സ്ഥാപനങ്ങൾ' എന്ന വാക്കുകൾ ചേർക്കുക

(v) ഇനം (വി) യിൽ 'സർവ്വകലാശാലയുടെ' എന്ന വാക്കിന് ശേഷം 'അദ്ധ്യാപകർക്കും' എന്ന വാക്ക് ചേർക്കുക

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(217) ഖണ്ഡം 7(ഒവ) (ix) ൽ 'ഒരു പ്രസിദ്ധീകരണ ബ്യൂറോ' എന്നതിന് പകരം 'ഒരു ഹെൽത്ത് സെന്റർ' എന്ന് ചേർക്കുക

10-ാം പേജിൽ എക്സ്(1)-ൽ യൂണിവേഴ്സിറ്റിക്ക് അച്ചടിയും പ്രസിദ്ധീകരണ വകുപ്പും പറഞ്ഞിട്ടുണ്ട്. വൈ-യിൽ വീണ്ടും പ്രസിദ്ധീകരണ ബ്യൂറോ പറയേണ്ട ആവശ്യമില്ല. പ്രസിദ്ധീകരണ ബ്യൂറോക്ക് പകരം ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കണം എന്ന് മാറ്റണം. കാരണം, വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും ആരോഗ്യ പരിപാലത്തിന് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഹെൽത്ത് സെന്റർ സ്ഥാപിക്കണം. ഇതാണ് എന്റെ നിർദ്ദേശം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

(186) ഖണ്ഡം 7 (എ)-യിൽ 'മത്സ്യബന്ധനത്തിലും' എന്നതിനുപകരം 'ഫിഷറീസിലും' എന്നുചേർക്കുക.

(188) ഖണ്ഡം 7 (ബി)-യിൽ 'മത്സ്യബന്ധനത്തിലും' എന്ന വാക്കിനു പകരം 'ഫിഷറീസിലും' എന്ന വാക്ക് ചേർക്കുക.

(200) ഖണ്ഡം 7 (ഐ)-യിൽ 'മത്സ്യബന്ധനവും' എന്ന വാക്കിനു പകരം 'ഫിഷറീസും' എന്നുചേർക്കുക.

(202) ഖണ്ഡം 7 (എൽ)-ൽ 'മറ്റു' എന്നതിനുശേഷം 'സർക്കാർ അംഗീകൃത' എന്ന വാക്കുകൾ ചേർക്കുക.

(203) ഖണ്ഡം 7 (എൽ)-ൽ 'വായ്പയായി' എന്നതിനുപകരം 'വായ്പയായോ ഗ്രാന്റായോ' എന്ന് ചേർക്കുക.

(204) ഖണ്ഡം 7 (എൻ)-ൽ 'ഈടാക്കുന്നതിനെക്കുറിച്ച് ആരായുന്നതിന്' എന്നതിനുപകരം 'നിശ്ചയിക്കപ്പെട്ട രീതിയിൽ ഈടാക്കുന്നതിന്' എന്ന് ചേർക്കുക.

(216) ഖണ്ഡം 7 (ഒവ)-യിൽ ഒന്നാം ഇനമായി താഴെപ്പറയുന്നത് ചേർക്കുക.

"(i) വിദ്യാർത്ഥികളുടേയും ജീവനക്കാരുടേയും ക്ഷേമകാര്യ സമിതി;"

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ശ്രീ. സാജുപോളിന്റെ 199-ാം നമ്പർ ഭേദഗതി താഴെപ്പറയുംപ്രകാരമുള്ള ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു.

(199) (1) ഖണ്ഡം 7(ഇ)-ൽ 'കോളേജിലോ' എന്ന വാക്കിനുശേഷം 'സ്ക്കൂളിലോ' എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ii) ഇനം (ജി)-യിൽ 'ഫീൽഡ് വർക്കേഴ്സിനും' എന്നതിനുശേഷം 'ഗ്രാമീണർക്കും മറ്റാളുകൾക്കും' എന്ന വാക്കുകൾക്കു പകരമായി 'മത്സ്യ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും സംരംഭകർക്കും' എന്ന വാക്കുകൾ ചേർക്കുക.

(iii) ഇനം (ഐ) യിൽ 'ബന്ധപ്പെട്ട' എന്ന വാക്കിനുശേഷം 'കോളേജു കൾക്കും' എന്ന വാക്ക് ചേർക്കുക

(iv) ഇനം (ജെ) യിൽ 'സ്ഥാപനങ്ങൾ' എന്ന വാക്കിനുപകരം 'പരിശീ ലന സ്ഥാപനങ്ങൾ' എന്ന വാക്കുകൾ ചേർക്കുക.

(v) ഇനം (വി) യിൽ 'സർവ്വകലാശാലയുടെ' എന്ന വാക്കിനുശേഷം 'അദ്ധ്യാപകർക്കും' എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സാജുപോളിന്റെ 199-ാം നംപർ ഭേദഗതി ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ മെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

8-ാം വകുപ്പ്

ശ്രീ. സാജുപോൾ: സർ, ഞാൻ 219, 227, 233 എന്നീ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(219) ഖണ്ഡം 8 (1)-ൽ 'കോളേജിന്റെയോ' എന്ന വാക്കിനുശേഷം സ്കൂളിന്റെയോ എന്ന വാക്ക് ചേർക്കുക.

(227) ഖണ്ഡം 8(3)-ൽ 'ഫലങ്ങളെ' എന്ന വാക്കിനുശേഷം 'പരാമർശിച്ചു കൊണ്ട് സർക്കാരിന്റെ' എന്ന വാക്കുകൾക്കുപകരം 'പരാമർശിച്ചു കൊണ്ടുള്ള' എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(233) ഖണ്ഡം 8 (7)-ൽ 'ആവശ്യമാണെന്ന്' എന്ന വാക്കിനുശേഷം 'അവർ' എന്ന വാക്ക് ഒഴിവാക്കണം.

ശ്രീ. സി. ടി അഹമ്മദ് അലി: സർ, ഞാൻ 220-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(220) ഖണ്ഡം 8 (1)-ൽ 'ആളെയോ ആളുകളെയോക്കൊണ്ടോ' എന്നതിനുപകരം 'ആളെയോ, ആളുകളെയോകൊണ്ടോ' എന്ന് ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ 226, 235 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(226) ഖണ്ഡം 8 (2)-ൽ 'പ്രതിനിധിയെ നിയമിക്കാൻ അവകാശമുണ്ടായിരിക്കുന്നതും അയാൾക്ക്' എന്ന വാക്കുകൾക്കുപകരം 'സർവ്വകലാശാലയ്ക്ക് നിയോഗിക്കപ്പെടുന്ന പ്രതിനിധി മുഖേന' എന്നും തുടർന്നുള്ള വരിയിൽ 'പറയുവാനുള്ള' എന്ന വാക്കിനുപകരം 'പറയുന്നതിനും' എന്നും ചേർക്കുക.

അതിൽ പറയുവാൻ എന്ന് വേണ്ട. പറയുന്നതിന് എന്ന് മതി.

(235) ഖണ്ഡം 8(8) ഇനിപറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(8) സർവ്വകലാശാലയുടെ ഭരണനിർവ്വഹണത്തെ സംബന്ധിക്കുന്ന സർക്കാർ ആവശ്യപ്പെടുന്ന അങ്ങനെയുള്ള വിവരങ്ങൾ വൈസ് ചാൻസലർവഴി സർവ്വകലാശാല സർക്കാരിന് നൽകേണ്ടതാണ്."

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ,താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

(225) ഖണ്ഡം 8 (1)-ൽ അവസാനം 'ഇത്തരം അന്വേഷണവുമായി ബന്ധപ്പെട്ട ഏതൊരു രേഖയും പരിശോധന സമിതിക്ക് കൈമാറേണ്ടതാണ്' എന്നുകൂടി ചേർക്കുക.

(232) ഖണ്ഡം 8(6)-ൽ 'അവർ ആഗ്രഹിക്കുന്ന' എന്നീ വാക്കുകൾക്കുപകരം 'കരുതുന്ന' എന്ന വാക്ക് ചേർക്കുക.

(234) ഖണ്ഡം 8 (8)-ൽ 'ആവശ്യപ്പെടാവുന്ന' എന്ന വാക്കിനുപകരം 'ആവശ്യപ്പെടുന്ന' എന്ന വാക്ക് ചേർക്കുക.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 219, 233-എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സാജുപോൾ അവതരിപ്പിച്ച 219, 233 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

9ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

10-ാം വകുപ്പ്

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(251) ഖണ്ഡം 10(1)ൽ 'തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ' എന്ന ശീർഷകത്തിൽ ഇനം (iii) ചുവടെ ചേർക്കുംപ്രകാരം ഭേദഗതി ചെയ്യുക.

(iii) സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോളേജുകൾ, സർവ്വകലാശാലയുടെ ഡിപ്പാർട്ട്മെന്റുകൾ, സ്കൂളുകൾ എന്നിവിടങ്ങളിലെ മുഴുവൻ സമയ വിദ്യാർത്ഥികളിൽ നിന്നും സിംഗിൾ ട്രാൻസ്ഫറബിൾ വോട്ടു

LIBRARY ARCHIVES Kerala Legislative Assembly

കളാൽ അവർ തെരഞ്ഞെടുത്ത ആറ് പരമാവധി പ്രതിനിധികൾ: ഇവരിൽ രണ്ട് പേർ വനിതകളും മറ്റൊരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളും ആയിരിക്കേണ്ടതാണ്

ശ്രീ. എ. പി. അബ്ദുള്ള കുട്ടി: സർ: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(257) ഖണ്ഡം 10(5)ൽ "അഞ്ചുവർഷക്കാലം" എന്നത് "നാല് വർഷക്കാലം" എന്ന് മാറ്റുക

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : താഴെ പ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

(238) ഖണ്ഡം 10(1)ൽ എക്സ് ഒഫീഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിലെ (viii)-ാം ഇനത്തിന് ശേഷം (ix) നിയമവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ എന്ന് ചേർക്കുകയും നിലവിലെ (ix)-ാം ഉപവകുപ്പിന്റെ നമ്പർ (x)- എന്ന് ക്രമീകരിക്കുകയും ചെയ്യുക.

(246) ഖണ്ഡം 10(1)-ലെ 2 നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ എന്ന ശീർഷകത്തിലെ (iv)-ാം ഇനത്തിൽ വനിത ആയിരിക്കണമെന്നുമുള്ള എന്നതിനുപകരം ഒരാൾ വനിത ആയിരിക്കണമെന്നുമുള്ള എന്ന് ചേർക്കുക.

(248) ഖണ്ഡം 10(1)ൽ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ എന്ന ശീർഷകത്തിൽ (i)-ാം ഇനത്തിന്റെ അവസാനഭാഗത്ത് അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ള അംഗമായിരിക്കേണ്ടതാണ് എന്ന് ചേർക്കുക.

മി. സ്പീക്കർ : മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ മെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

11-ാം വകുപ്പ്

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(259) ഖണ്ഡം 11(1)-ൽ 'വിശാലനയങ്ങളും' എന്നതിനുപകരം 'പൊതുവായ നയങ്ങളും' എന്ന് മാറ്റുക.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

12-ാം വകുപ്പ്

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(365) ഖണ്ഡം 12-ൽ ഉപഖണ്ഡം (3) ൽ ഇനം (iv) നുശേഷം താഴെപ്പറയുന്നത് അടുത്ത ഇനമായി ചേർക്കുക.

"സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മത്സ്യകർഷക പ്രതിനിധി"

ശ്രീ. സാജു പോൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(260) ഖണ്ഡം 12 (1) 3(iii)ൽ ചാൻസലർ എന്നതിനു പകരം സർക്കാർ എന്നു ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(264) ഖണ്ഡം 12 (1) 2 (ശ) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

"നിയമസഭാംഗങ്ങൾ കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ട് പ്രകാരം ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് അവരുടെ ഇടയിൽ നിന്നു തെരഞ്ഞെടുക്കുന്ന രണ്ട് അംഗങ്ങൾ ; ഇവരിൽ ഒരാൾ പട്ടികജാതി/പട്ടിക വർഗ്ഗ/ധീവര സമുദായത്തിൽപ്പെട്ടയാൾ ആയിരിക്കണം."

LIBRARY ARCHIVES Kerala Legislative Assembly

(265) ഖണ്ഡം 12 (1) (3)-ൽ (vii) ആയി കേരള സംസ്ഥാന ഫിഷറീസ് കോർപ്പറേഷൻ ചെയർമാൻ എന്നും (viii) മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി ചെയർമാൻ എന്നും ചേർക്കുക.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(270) ഖണ്ഡം 12(1)1(v) നുശേഷം

"(vi) നിയമ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ നിയമ വകുപ്പ് സെക്രട്ടറി നാമനിർദ്ദേശം ചെയ്യുന്ന അഡീഷണൽ സെക്രട്ടറി എന്ന ഇനം ചേർക്കുകയും ബാക്കിയുള്ള ഇനങ്ങളുടെ നമ്പരുകൾ പുനഃക്രമീകരിക്കുകയും ചെയ്യുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

ശ്രീ. സാജുപോളിന്റെ 260-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

(262) ഖണ്ഡം 12-ൽ ശീർഷകത്തിനു ശേഷമുള്ള (1) എന്ന അക്കവും ചിഹ്നങ്ങളും നീക്കം ചെയ്യുക.

(263) ഖണ്ഡം 12 (1) 3 (v)-ൽ "പ്രതിനിധി" എന്ന വാക്കിനു പകരം ഒരു പ്രതിനിധി എന്നീ വാക്കുകൾ ചേർക്കുക.

(266) ഖണ്ഡം 12(1)2(ശ)ൽ അവസാന ഭാഗത്തെ രണ്ട് അംഗങ്ങൾ എന്നതിനു പകരം മൂന്ന് അംഗങ്ങൾ; അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ് എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. കെ. അബ്ദുറബ്ബിന്റെ 267-ാം നമ്പർ ഭേദഗതിയിൽ അഡീഷണൽ സെക്രട്ടറി എന്നുള്ളത് ജോയിന്റ് സെക്രട്ടറി എന്ന ഭേദഗതിയോടുകൂടി അവതരിപ്പിക്കുന്നു

അതായത് (267) ഖണ്ഡം 12(1)1(v)-നുശേഷം

"(vi) നിയമ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ നിയമ വകുപ്പ് സെക്രട്ടറി നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറി എന്ന ഇനം ചേർക്കുകയും ബാക്കിയുള്ള ഇനങ്ങളുടെ നമ്പരുകൾ പുനഃക്രമീകരിക്കുകയും ചെയ്യുക.

അതിൽ അഡീഷണൽ സെക്രട്ടറി എന്നുള്ളത് ജോയിന്റ് സെക്രട്ടറിഎന്ന് മാറ്റണം. ചർച്ച ചെയ്തു നോക്കി. അഡീഷണൽ സെക്രട്ടറിയെ കിട്ടാൻ ബുദ്ധിമുട്ടാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. സാജു പോൾ അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 264, 265 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

13-ാം വകുപ്പ്

(ഭേദഗതിയില്ല.)

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

14-ാം വകുപ്പ്

ശ്രീ. കെ.സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(272) ഖണ്ഡം 14(2)(ക്യൂ)-വിൽ "ആവശ്യമെന്നു അതു കരുതുന്ന" എന്നീ വാക്കുകൾക്കു പകരം "ആവശ്യമായ" എന്ന വാക്ക് ചേർക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(271) ഖണ്ഡം 14 (2) (ജി)-യിൽ "ഉപാധികളും" എന്ന വാക്കിനു പകരം "വ്യവസ്ഥകളും" എന്ന വാക്ക് ചേർക്കുക.

മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 14ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 14ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

15-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

16-ാം വകുപ്പ്

(ഭേദഗതിയില്ല)

16ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

16ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

17-ാം വകുപ്പ്

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(366) ഖണ്ഡം 17 ൽ ഉപഖണ്ഡം (1) ൽ

(i) ഇനം (v) ൽ "അദ്ദേഹത്തിന്റെ" എന്ന വാക്കിനുശേഷം "അഡീഷണൽ ഡയറക്ടറിൽ താഴെയല്ലാത്ത പ്രതിനിധി" എന്നീ വാക്കുകൾ ചേർക്കുക.

(ii) ഇനം (vi) ൽ "അദ്ദേഹത്തിന്റെ" എന്ന വാക്കിനുശേഷം "പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി" എന്നീ വാക്കുകൾ ചേർക്കുക.

(iii) ഇനം (vii) ൽ "അദ്ദേഹത്തിന്റെ" എന്ന വാക്കിനുശേഷം "പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി" എന്നീ വാക്കുകൾ ചേർക്കുക.

(iv) ഇനം (viii)-ൽ "അദ്ദേഹത്തിന്റെ" എന്ന വാക്കിനുശേഷം "പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി" എന്നീ വാക്കുകൾ ചേർക്കുക.

(v) ഇനം (ix) ൽ "അദ്ദേഹത്തിന്റെ" എന്ന വാക്കിനുശേഷം "പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സാജുപോൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(275) ഖണ്ഡം 17 (vi)-ൽ "സി.എം.എഫ്.ആർ.ഇ.(CMFRE)" എന്നതിന് പകരം "സി.എം.എഫ്.ആർ.ഐ (CMFRI)" എന്നാക്കി മാറ്റുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ശ്രീ. സാജു പോൾ അവതരിപ്പിച്ച 275-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: മന്ത്രിയുടെ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സാജുപോളിന്റെ 275-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17 ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

18-ാം വകുപ്പ്

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(280) ഖണ്ഡം 18 (2) (ജി) യിൽ തസ്തികകളും എന്ന വാക്കിനു പകരം തസ്തികകൾ എന്ന് ചേർക്കുക.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

19-ാം വകുപ്പ്

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

(281) ഖണ്ഡം 19-ന്റെ മാർജിനൽ ഹെഡിംഗിന് ശേഷം, റിസേർച്ച് കൗൺസിൽ എന്ന് തുടങ്ങുന്നതിന് മുമ്പായി (1) എന്ന് ചേർക്കുക.

(284) ഖണ്ഡം 19 (viii)താഴെപറയും പ്രകാരം ഭേദഗതി ചെയ്യുക.

കേരള സർക്കാരിന്റെ ആസൂത്രണ ബോർഡിന്റെ ഉപാദ്ധ്യക്ഷൻ അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ബോർഡിലെ പ്രതിനിധി

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

20-ാം വകുപ്പ്

ശ്രീ. സാജു പോൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(288) ഖണ്ഡം 20(1)(vi)-ൽ 'സ്കൂൾ ഓഫ് ഫാഷൻ' എന്ന വാക്കുകൾക്കു പകരം 'സ്കൂൾ ഓഫ് ഓഷ്യൻ' എന്ന വാക്കുകൾ ചേർക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ശ്രീ. സാജു പോളിന്റെ 288-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(289) ഖണ്ഡം 20(2)-ൽ 'അങ്ങനെയുള്ള അസൈൻമെന്റ്സും' എന്നതിനു പകരം സിലബസ്സുകളും എന്ന് ചേർക്കുക.

മി. സ്പീക്കർ : മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

ഭേദഗതി ചെയ്തപ്രകാരമുള്ള 20ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

21-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു..

LIBRARY ARCHIVES Kerala Legislative Assembly

22 മുതൽ 25 വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല.)

22 മുതൽ 25 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

22 മുതൽ 25 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

22 മുതൽ 25 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

26-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(291) ഖണ്ഡം 26(ജി)യിൽ നിന്നും "അഫിലിയേറ്റ് ചെയ്ത കോളേജു കളിലെയും", "വകുപ്പുകളിലെയും" എന്നീ വാക്കുകൾ ഒഴിവാക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ശ്രീ. എം. പ്രകാശൻ മാസ്റ്ററുടെ 291-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. എം. പ്രകാശൻ മാസ്റ്ററുടെ 291-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ മെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

27-ാം വകുപ്പ്

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(292) ഖണ്ഡം 27-ൽ 'ആളുകളും' എന്നതിനു പകരം 'അംഗങ്ങളും' എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

27 -ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

27 ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു..

28-ഉം 29-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

28-ഉം 29-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

28-ഉം 29-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു..

28-ഉം 29-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

30-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(293) ഖണ്ഡം 30(x)--ൽ "ഡയറക്ടർ ഓഫ് റിസർച്ച്" എന്നതിനുപകരം "റിസർച്ച് ഡയറക്ടർ" എന്ന് ചേർക്കുക.

(294) ഖണ്ഡം 30(xi)-ൽ "ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ" എന്നതിനു പകരം "എക്സ്റ്റൻഷൻ ഡയറക്ടർ" എന്ന് ചേർക്കുക.

(295) ഖണ്ഡം 30(xxxix)-ൽ "സ്കൂളുകളുടെ ഡയറക്ടർ" എന്നീ വാക്കുകൾക്കുപകരം "സ്കൂൾ ഡയറക്ടർ" എന്ന് ചേർക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ശ്രീ. എം പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 293, 294, 295 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 293, 294, 295 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 30 -ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

31-ാം വകുപ്പ്

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(296). ഖണ്ഡം 31(3)-ൽ "ഹോണററി ബിരുദം" എന്നതിനുപകരം "ഹോണററി ബിരുദമോ ഹോണററി പദവികളോ" എന്ന് ചേർക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ:) സർ, ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

32-ാം വകുപ്പ്

(ഭേദഗതിയില്ല.)

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

33-ാം വകുപ്പ്

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ 299, 312(അ) എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(299). ഖണ്ഡം 33(2) - ൽ മൂന്നാംവരിയിലെ "പ്രതിനിധി" എന്ന വാക്കിനുശേഷം "യു.ജി.സി. നിർദ്ദേശിക്കുന്ന ഒരു പ്രതിനിധി" എന്നു ചേർക്കുക

312(A). ഖണ്ഡം 33(5) താഴെപ്പറയും പ്രകാരം മാറ്റുക.

"(5) (2) - ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആദ്യ വൈസ് ചാൻസലറെ മണ്ട് വർഷമോ, ഈ വകുപ്പിലെ (4) വരെയുള്ള ഉപവകുപ്പുകൾ പ്രകാരം നിയമിക്കപ്പെടുന്നയാൾ അധികാരമേറ്റെടുക്കുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെയുള്ള ഒരു കാലാവധിയിലേക്ക് അപ്രകാരമുള്ള വ്യവസ്ഥകളിന്മേലും ഉപാധികളിന്മേലും സർക്കാർ ശിപാർശ പ്രകാരം ചാൻസലർ നിയമിക്കേണ്ടതാണ്."

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(304). ഖണ്ഡം 33(2) ന്റെ ക്ലിപ്ത നിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്നത് കൂട്ടി ചേർക്കുക.

"എന്നിരുന്നാലും സെലക്ഷൻ കമ്മിറ്റി നൽകുന്നത് ഐകകണ്ഠ്യേനയുള്ള ഉപദേശമല്ലായെങ്കിൽ ചാൻസലർക്ക് അതിന്റെ ഭൂരിപക്ഷം അംഗങ്ങളുടെ അഭിപ്രായം സ്വീകരിക്കാവുന്നതാണ്."

(306) ഖണ്ഡം 33(2)-ന്റെ ക്ലിപ്ത നിബന്ധനയായി താഴെ പറയുന്നത് കൂട്ടി ചേർക്കുക.

"എന്നാൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ആൾ ആ കൗൺസിലിലെ അംഗങ്ങളിൽ നിന്നുള്ള ഓരാളോ സർവ്വകലാശാലയിലെ ജീവനക്കാരനോ ആകാൻ പാടില്ല."

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(305). ഖണ്ഡം 33(2)-ലെ ക്ലിപ്ത നിബന്ധന താഴെ പറയും പ്രകാരം മാറ്റുക.

"എന്നാൽ സെലക്ഷൻ കമ്മിറ്റി ഏകകണ്ഠമായി ഒരാളിന്റെ പേരോ അതിനു കഴിയാതെ വന്നാൽ ഓരോ മെമ്പറും നിർദ്ദേശിക്കുന്ന ഓരോരുത്ത

LIBRARY ARCHIVES Kerala Legislative Assembly

രുടെ പേരടങ്ങിയ ഒരു പാനലോ ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്. ഏക കണ്ഠമായി ഒരാളിന്റെ പേരാണ് നിർദ്ദേശിക്കുന്നതെങ്കിൽ ആ ആളിന്റെ പേര് വൈസ് ചാൻസലറായി അംഗീകരിക്കാൻ ചാൻസലർ ബാധ്യസ്ഥനായിരിക്കു ന്നതും പാനലാണ് സമർപ്പിക്കുന്നതെങ്കിൽ ഗവൺമെന്റിന്റെ കൂടി അഭിപ്രായം ആരാഞ്ഞ് ചാൻസലർക്ക് സ്വതന്ത്രമായ നിയമനം നടത്താവുന്നതുമാണ്."

(309). ഖണ്ഡം 33(3) താഴെപ്പറയും പ്രകാരം മാറ്റുക.

മൽസ്യബന്ധനത്തിന്റെയോ സമുദ്രപഠനത്തിന്റെയോ മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ചതും ദീർഘകാല അനുഭവപരിചയമുള്ളതുമായ ആളായി രിക്കണം വൈസ് ചാൻസലർ.

വൈസ് ചാൻസലർ നിയമനത്തെക്കുറിച്ചാണ്. ഒന്ന്- വൈസ് ചാൻസ ലർ സർവ്വകലാശാലയുടെ മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കണമെന്നാണ്. രണ്ട്, സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, ഇന്ത്യൻ കാർഷിക ഗവേ ഷണ കൗൺസിലിന്റെ ഡയറക്ടർ ജനറൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതി നിധി എന്നിവരടങ്ങിയ സെലക്ഷൻ കമ്മിറ്റിയുടെ ഉപദേശം അനുസരിച്ചാണ് ചാൻസലർ വൈസ് ചാൻസലറെ നിയമിക്കേണ്ടത്. പിന്നെ പറയുന്നത് "എന്നാൽ സെലക്ഷൻ കമ്മിറ്റി ഐകൃകണ്ഠ്യേന ഒരു പാനൽ സമർപ്പി ക്കേണ്ടതാണ്. ഐകൃകണ്ഠ്യേന പാനൽ കൊടുത്താൽ പ്രയാസമുണ്ടാകുന്ന സാഹചര്യമുണ്ടായാലോ. എന്റെ നിർദ്ദേശം, സെലക്ഷൻ കമ്മിറ്റി ഐകൃക ണ്ഠ്യേന ഒരു പാനൽ കൊടുക്കണം. ഒരു പേര് കൊടുക്കാൻ കഴിയാതെ പോയാൽ, എന്നാൽ സെലക്ഷൻ കമ്മിറ്റി ഏകകണ്ഠമായി ഒരാളിന്റെ പേരോ അതിന് കഴിയാതെ വന്നാൽ ഓരോ മെമ്പർ നിർദ്ദേശിക്കുന്ന ഓരോരുത്തരു ടെയും പേരടങ്ങിയ ഒരു പാനലോ ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്. ഏക കണ്ഠമായി ഒരാളുടെ പേരാണ് നിർദ്ദേശിക്കുന്നതെങ്കിൽ ആ ആളിന്റെ പേര് വൈസ് ചാൻസലറായി അംഗീകരിക്കാൻ ചാൻസലർ ബാദ്ധ്യസ്ഥമായിരിക്കു ന്നതും പാനലാണ് സമർപ്പിക്കുന്നതെങ്കിൽ ഗവൺമെന്റിനോട് അഭിപ്രായം ആരാഞ്ഞ് ചാൻസലർക്ക് സ്വതന്ത്രമായി നടത്താവുന്നതുമാണ്. കമ്മിറ്റി കഴിയു മെങ്കിൽ ഒരു പേര് കൊടുക്കണം അതിനാണ് കമ്മിറ്റിയെ വയ്ക്കുന്നത്. കമ്മിറ്റിക്ക് ഒരു പേര് കൊടുക്കാൻ സാധിക്കുന്നില്ലെങ്കിൽ പാനൽ കൊടുക്കണം. ആ പാനലിൽ നിന്ന് ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞ് ഒരാളിനെ വൈസ് ചാൻസലറായി ചാൻസലർ നിയമിക്കണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ 302 - ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(302). ഖണ്ഡം 33(2) - ൽ "മൂന്നാംവരിയിലെ പ്രതിനിധി" എന്ന വാക്കിനുശേഷം "യു.ജി.സി. നിർദ്ദേശിക്കുന്ന ഒരു പ്രതിനിധി" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ 310 - ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(310). ഖണ്ഡം 33(5) താഴെപ്പറയും പ്രകാരം മാറ്റുക.

(2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആദ്യ വൈസ് ചാൻസലറെ രണ്ട് വർഷമോ, ഈ വകുപ്പിലെ (4) വരെയുള്ള ഉപവകുപ്പുകൾ പ്രകാരം നിയമിക്കപ്പെടുന്നയാൾ അധികാരമേറ്റെടുക്കുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെയുള്ള ഒരു കാലാവധിയിലേയ്ക്ക് അപ്രകാരമുള്ള വ്യവസ്ഥകളിന്മേലും ഉപാധികളിന്മേലും സർക്കാർ ശിപാർശ പ്രകാരം ചാൻസലർ നിയമിക്കേണ്ടതാണ്.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ശ്രീ. എം. പ്രകാശൻമാസ്റ്ററുടെ 304-ാം നമ്പർ ഭേദഗതി സ്വീകരിക്കുകയാണ്. ബഹുമാനപ്പെട്ട കെ. സി. ജോസഫ് നിർദ്ദേശിച്ചിട്ടുള്ളത് യൂനാനിമസ് എന്നുള്ളതിൽ ഒരു ഭേദഗതിയാണിത്. നിർദ്ദേശിക്കുന്നതിൽ മൂന്നംഗങ്ങളിൽ ഭൂരിപക്ഷം വരുന്ന ഒരു പേർ ഏതാണോ അതിനുള്ള 'ഒരു അമെന്റ്മെന്റാണ് ശ്രീ. എം. പ്രകാശൻ മാസ്റ്റർ തന്നിരിക്കുന്നത്. ഐകകണ്ഠ്യേനയുള്ള ഉപദേശമല്ലായെങ്കിൽ ചാൻസലർക്ക് അതിന്റെ ഭൂരിപക്ഷാംഗങ്ങളുടെ അഭിപ്രായം സ്വീകരിക്കാവുന്നതാണ്. പിന്നെ വീണ്ടും മടക്കിയയച്ച് അങ്ങോട്ട് പോയി ഇങ്ങോട്ട് പോയി നേരം കളയണ്ടല്ലോയെന്ന് വിചാരിച്ചിട്ടാണ്. അതായത് മൂന്ന് പേരാണല്ലോ. ഗവേണിംഗ് കൗൺസിലിന്റെ പ്രതിനിധി, സ്റ്റേറ്റ് ഗവൺമെന്റിന്റെ പ്രതിനിധി, ഐ.സി.എ. ആർ.-ന്റെ പ്രതിനിധി. ഈ മൂന്നു പേരുംകൂടി ഇരുന്ന് ഒറിജിനൽ ബില്ലിൽ നമ്മൾ സബ്സ്റ്റ് ചെയ്തതിൽ ഏകകണ്ഠമായിരിക്കണമെന്നുള്ള നിർദ്ദേശമാണ്. വച്ചത്. പക്ഷേ ചർച്ചയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഏകകണ്ഠമെന്നു പറഞ്ഞാൽ മൂന്നും മൂന്നും വന്നാൽ പിന്നെ ഏകകണ്ഠമെന്നുള്ളത് ബില്ലിൽ എന്ത് എഴുതിവച്ചാലും അപ്രസക്തമായിട്ട് തീരുമല്ലോ. അതുകൊണ്ട് കമ്മിറ്റി ഭൂരിപക്ഷം വരുന്ന അഭിപ്രായം വച്ച് ചാൻസലർക്ക് നിശ്ചയിക്കാമെന്നാണ് പറയുന്നത്.

ശ്രീ. കെ. സി. ജോസഫ് : കേരള യൂണിവേഴ്സിറ്റിയിലോ കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികളിലോ ഒരു വൈസ് ചാൻസലറെ കമ്മിറ്റി വച്ചാൽ ആ കമ്മിറ്റിയുടെ ചുമതല ഏകകണ്ഠമായി ഒരു പേര് കൊടുക്കണമെന്നുള്ളതാണ്.; പാനൽ കൊടുക്കുന്നതല്ല. ഇവിടെ പറയുന്നത് ഏകകണ്ഠമായിട്ട് പാനൽ കൊടുക്കാനാണ്.. എന്താണ് അങ്ങനെ പറയുന്നത്. പാനലിൽ നിന്ന് ചാൻസലർ എടുക്കണമോ. ഒന്നുകിൽ സെലക്ഷൻ കമ്മിറ്റി ഏകകണ്ഠമായി ഒരു പേര് കൊടുക്കുക. ഒരു പേരിന് സാധ്യതയില്ലെങ്കിൽ ഓരോ മെമ്പർമാരും ഓരോ പേര് കൊടുക്കുക. ചാൻസലർ തീരുമാനിക്കട്ടെ. ഒരു കമ്മിറ്റിയോട് ഒരു പാനൽ കൊടുക്കാൻ പറഞ്ഞിട്ട് പാനൽ എത്രയാളുടെ പേരാണ്, വ്യക്തതയില്ല.. എന്നാൽ സെലക്ഷൻ കമ്മിറ്റി ഐകകണ്ഠ്യേന ഒരു പാനൽ കൊടുക്കുകയാണ്. പാനൽ എന്നു പറയുന്നത് പത്ത് പേരുടെ പേരാകാം. 25 ആകാം. 50 ആകാം. ഇത്രയും വേഗായിട്ട് യൂണിവേഴ്സിറ്റിയിലെ

LIBRARY ARCHIVES Kerala Legislative Assembly

വൈസ് ചാൻസലറുടെ നിയമനത്തെ സംബന്ധിച്ച് ഒരു നിയമം ഉണ്ടാക്കാൻ പാടില്ല. അല്ലെങ്കിൽ പറയണം മൂന്ന് പേരുടെ പാനലാണെന്ന്. അത് പറഞ്ഞിട്ടില്ലല്ലോ.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : മുമ്പ് ഞാനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുംകൂടി സിൻഡിക്കേറ്റിൽ ഒരു മിച്ച് വർക്ക് ചെയ്തിട്ടുണ്ട്. കൊച്ചി യൂണിവേഴ്സിറ്റിയുടെ സെലക്ഷൻ ഘടന യാണ് ഇതിനകത്ത് എടുത്തിരിക്കുന്നത്..... അവിടെ ഐ.സി.എ.ആർ..അല്ല. യു.ജി.സി.യാണ്. നമ്മൾ സിൻഡിക്കേറ്റിൽ ഇരുന്നത് ഓർക്കുന്നില്ലേ.. കുസാറ്റിന്റെ ഒരു പ്രൈവറ്റീരിയയാണ് നമ്മൾ ഇക്കാര്യത്തിൽ ഫോളോ ചെയ്തിട്ടുള്ളത്..... പാനൽ എന്നു പറഞ്ഞാൽ ലിമിറ്റ് ചെയ്യുന്നത് നല്ലതാണ്. കുഴപ്പമൊന്നുമില്ല. 305-ാം നമ്പർ ഭേദഗതി അംഗീകരിക്കാം.

മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫിന്റെ 305-ാം നംപർ ഭേദഗതി ഭേദഗതിയോടെ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : മൂന്നു പേരിൽ കുറയാത്തവരടങ്ങുന്ന ഒരു പാനൽ.

മി. സ്പീക്കർ : ആ ഭേദഗതിയോടുകൂടി അംഗീകരിക്കാം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : .... മൂന്നു പേരിൽ കവിയാത്ത എന്നുള്ളത് വന്നില്ലെങ്കിൽ ഭൂരിപക്ഷം അനുസരിച്ചെന്നുള്ളത് .....

മി. സ്പീക്കർ : മൂന്നിൽ കവിയാത്തത് എന്ന് പറഞ്ഞാൽ മതി.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : മൂന്നിൽ കവിയാത്തത് എന്നുള്ളത് കറക്ട്. പക്ഷേ ഐകകണ്ഠ്യേന മൂന്നെണ്ണം വന്നില്ലെങ്കിലോ.....ഐകകണ്ഠ്യേന വന്നില്ലെങ്കിൽ ഭൂരിപക്ഷ പ്രകാ രമെന്നുള്ളതുംകൂടി നമുക്ക് സ്വീകരിക്കാം. ഭാവിയിൽ വേറൊരു പ്രശ്നമാകുണ്ട. ശ്രീ. എം. പ്രകാശൻ മാസ്റ്ററുടെ 304, 306 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. സി. ജോസഫിന്റെ 305-ാം നംപർ ഭേദഗതിയും അംഗീകരിക്കുന്നു. 307 ശ്രീ. കെ. അച്ചുതന്റെ ഭേദഗതിയാണ്. അദ്ദേഹം ആബ്സന്റാണ് പക്ഷേ അത് ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുകയാണ്.

(307). ഖണ്ഡം 33(3) -ൽ പഠനങ്ങളുടേയോ മേഖലയിൽ എന്നീ വാക്കുകൾക്കുശേഷം വിഗ്ദ്ധാനം എന്ന വാക്കു ചേർക്കുക

മി. സ്പീക്കർ : മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 299, 312(A) എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 302 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 310 - ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 33 - ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

34-ാം വകുപ്പ്

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(367). ഖണ്ഡം 34 -ൽ ഉപഖണ്ഡം 12 -ന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ കൂടി ചേർക്കുക.

(13) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് പരീക്ഷാ നടത്തിപ്പുകാരെയും ചോദ്യപേപ്പർ തയ്യാറാക്കുന്നവരെയും ബോർഡ് ഓഫ് എക്സാമിനേഷൻസ് അംഗീകരിച്ച ഒരു പാനലിൽനിന്നും നിയോഗിക്കേണ്ടതാണ്.

(14) സർവ്വകലാശാല പരീക്ഷകളുടെ പരിശോധനയ്ക്കായി വൈസ് ചാൻസലർ ഒരു വിജിലൻസ് സ്കാഡ് രൂപീകരിക്കേണ്ടതാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ 315, 316 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(315). ഖണ്ഡം 34(3) -ൽ "യൂണിവേഴ്സിറ്റി" എന്ന വാക്കിന് പകരമായി "സർവ്വകലാശാല" എന്ന വാക്ക് ചേർക്കുക.

(316). ഖണ്ഡം 34(5) -ൽ "യൂണിവേഴ്സിറ്റി" എന്ന വാക്കിന് പകരം "സർവ്വകലാശാല" എന്ന വാക്ക് ചേർക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 315, 316 എന്നീ ഭേദഗതികൾ സ്വീകരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

35-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ. ഞാൻ 319 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(319). ഖണ്ഡം 35(4) -ന് ശേഷം ഉപഖണ്ഡം 5 ആയി താഴെപ്പറയുന്നത് കൂട്ടിചേർക്കുക.

(5) 1 -ാം ഉപഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആദ്യ പ്രോ-വൈസ് ചാൻസലറെ 5 വർഷത്തിൽ കൂടാത്തെയുള്ള കാലാവധിയിലേക്ക് അപ്രകാരമുള്ള വ്യവസ്ഥകളിന്മേലും ഉപാധികളിന്മേലും സർക്കാർ നിയമിക്കേണ്ടതാണ്.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ആബ്സന്റായതിനാൽ അദ്ദേഹത്തിന്റെ 318-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു. ശ്രീ. എം. പ്രകാശൻ മാസ്റ്ററുടെ 319-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

318. ഖണ്ഡം 35(2)-ൽ "അയാൾക്ക്" എന്ന വാക്കിന് പകരം "അദ്ദേഹത്തിന്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതിചെയ്തപ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

36-ാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ : മുപ്പത്തിയറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

37-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(320). ഖണ്ഡം 37(8) നുശേഷം ഉപഖണ്ഡം 9 ആയി താഴെപ്പറയുന്നത് കൂട്ടിചേർക്കുക:

(9) 1 - ാം ഉപഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആദ്യ രജിസ്ട്രാറെ 5 വർഷത്തിൽ കൂടാതെയുള്ള കാലാവധിയിലേക്ക് അപ്രകാര മുള്ള വ്യവസ്ഥകളിന്മേലും ഉപാധികളിന്മേലും സർക്കാർ നിയമിക്കേണ്ടതാണ്.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ശ്രീ. എം. പ്രകാശൻമാസ്റ്ററുടെ 320 - ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ : ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതിചെയ്തപ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്ക ണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗ മായിരിക്കുന്നു.

38 മുതൽ 40 വരെയുള്ള വകുപ്പുകൾ

(ഭേദഗതി ഇല്ല)

മി. സ്പീക്കർ : മുപ്പത്തിഎട്ട് മുതൽ നാല്പതുവരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

LIBRARY ARCHIVES Kerala Legislative Assembly

മുപ്പത്തിയെട്ട് മുതൽ നാൽപ്പത് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിഎട്ട് മുതൽ നാല്പതുവരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

41-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല).

മി. സ്പീക്കർ : നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

42-ാം വകുപ്പ്

(ഭേദഗതി ഇല്ല)

മി. സ്പീക്കർ : നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

43-ാം വകുപ്പ്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(322). ഖണ്ഡം 43(4)-ൽ "മത്സ്യബന്ധനവും" എന്ന വാക്കിനു പകരം "ഫിഷറീസും" എന്ന വാക്ക് ചേർക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ശ്രീ. പി. സി. വിഷ്ണുനാഥിന്റെ 322-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള 43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 43-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

44 മുതൽ 46 വരെ വകുപ്പുകൾ

(ഭേദഗതി ഇല്ല).

44 മുതൽ 46 വരെ വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

44 മുതൽ 46 വരെ വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

44 മുതൽ 46 വരെ വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

47-ാം വകുപ്പ്

ശ്രീ. ജോർജ് മേഴ്സിയർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(323). ഖണ്ഡം 47-ന്റെ മാർജിനൽ ശീർഷകം താഴെപറയും പ്രകാരം മാറ്റുക:

47. ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കും വേണ്ടിയുള്ള ഗവേഷണ പദ്ധതികൾ:-

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(324.) ഖണ്ഡം 47(1)ൽ "സഹായത്തിനും" എന്ന പദത്തിനു ശേഷമുള്ള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കും എന്നീ വാക്കുകൾക്ക് പകരം മത്സ്യ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും എന്ന വാക്കുകൾ ചേർക്കുക.

(326). ഖണ്ഡം 47(1)-ൽ "മത്സ്യബന്ധന സമുദ്ര പഠന ഗവേഷണ കേന്ദ്രങ്ങൾ" എന്നീ വാക്കുകൾക്ക് പകരം ഫിഷറീസും സമുദ്ര പഠനങ്ങളിലും ഗവേഷണ കേന്ദ്രങ്ങൾ എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(327). ഖണ്ഡം 47(3)-ൽ "ഫിഷറീസ് ഡയറക്ടർക്കും മറ്റ് സർക്കാർ ഏജൻസികൾക്കും" എന്നീ വാക്കുകൾക്ക് പകരം "കേരള കാർഷിക സർവകലാശാലയ്ക്ക്" എന്നീ വാക്കുകൾ ചേർക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ. ശ്രീ. ജോർജ് മേഴ്സിയറുടെ 323-ാം നമ്പർ ഭേദഗതിയും ശ്രീ. എം. പ്രകാശൻ മാസ്റ്ററുടെ 324, 326, 327 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ 325-ാം നമ്പർ ഭേദഗതി മൂവ് ചെയ്യാത്തതിനാൽ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(325).ഖണ്ഡം 47(1)-ൽ 'മത്സ്യ ബന്ധന സമുദ്ര പഠന ഗവേഷണ കേന്ദ്രങ്ങൾ' എന്നീ വാക്കുകൾക്ക് പകരം ഫിഷറീസ് സമുദ്ര പഠന ഗവേഷണ കേന്ദ്രങ്ങൾ എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ : മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയറുടെ 323-ാം നമ്പർ ഭേദഗതിയും ശ്രീ. എം. പ്രകാശൻ മാസ്റ്ററുടെ 324, 326, 327 എന്നീ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

48-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(329) ഖണ്ഡം 48 (2)-ൽ യൂണിവേഴ്സിറ്റി എന്നതിന് പകരം സർവ്വകലാശാല എന്നും തീരദേശക്കാർക്കും എന്നീ വാക്കുകൾക്ക്പകരം സംരംഭകർക്കും എന്നീ വാക്കുകളും ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 48-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 48-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 48-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

49-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(331). ഖണ്ഡം 49 (3)-ൽ "സർവ്വകലാശാല" എന്ന വാക്കിന് പകരം "ബോധന" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(332) ഖണ്ഡം 49(4)-ൽ "സർക്കാർ വകുപ്പുകൾക്ക്" എന്ന വാക്കുകൾക്ക് പകരം "സർക്കാർ വകുപ്പുകൾക്കും ഇതര ഏജൻസികൾക്കും" എന്നീ വാക്കുകൾ ചേർക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതിയിൽ കോഴ്സുകളെയും എന്നതിനുശേഷം മാത്രം സർവ്വകലാശാല എന്ന വാക്കിനു പകരം ബോധന എന്ന വാക്ക് ചേർക്കുക എന്ന ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭ സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള 49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 49-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

50-ാം വകുപ്പ്

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(334). ഉപഖണ്ഡം (1) ന്റെ ക്ലിപ്ത നിബന്ധനയായി താഴെക്കൊടുക്കുന്നത് ചേർക്കണം.

ഖണ്ഡം (50) പ്രകാരമുള്ള ഉദ്യോഗസ്ഥർ ഒഴികെയുള്ള സർവ്വകലാശാലയിലെ അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തുന്നതാണ്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(335). ഖണ്ഡം 50(1)-ൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ എന്നതിനു പകരം ഗവേണിംഗ് കൗൺസിൽ എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. വിശ്വൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(341). ഖണ്ഡം 50(6)-ൽ "സ്കൂൾ ഡയറക്ടർമാർ" എന്ന വാക്കുകൾക്ക് മുമ്പ് "ഡീൻ" എന്ന വാക്ക് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(339). ഖണ്ഡം 50(1)-ൽ

(ശ) അവസാനഭാഗത്ത് നിയമിക്കേണ്ടതാണ് എന്നതിനു മുന്നിലായി പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന എന്നു ചേർക്കുകയും ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നതു ചേർക്കുകയും ചെയ്യുക.

"എന്നാൽ പ്രാരംഭത്തിൽ, ആവശ്യമായ ജീവനക്കാരെ സംസ്ഥാനത്തിനകത്തെ മറ്റു യൂണിവേഴ്സിറ്റികളിൽ നിന്നും അനുയോജ്യരായ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ രജിസ്ട്രാർക്ക് നിയമിക്കാവുന്നതാണ്"

(ii) (2) മുതൽ (5) വരെയുള്ള ഉപവകുപ്പുകൾ നീക്കം ചെയ്ത് ക്രമനമ്പർ ക്രമീകരിക്കുക.

ശ്രീ. കെ. സി. ജോസഫ്: കഴിഞ്ഞ ഡിസംബർ 15-ലെ ക്യാബിനറ്റ് യോഗത്തിലാണ് ബിൽ ബി.എ.സി.ക്ക് വിടാൻ തീരുമാനിച്ചത്. ഈ ബിൽ സഭയിൽ അവതരിപ്പിച്ചതിനുശേഷം സബ്ജക്ട് കമ്മിറ്റിക്ക് പോയപ്പോൾ ഈ ബിൽ മാത്രമല്ല, സഭയിൽ വന്ന മൂന്ന് ബില്ലും അവസാന നിമിഷം ഫ്ലോറിൽ കൊണ്ടുവന്നിട്ടാണ് ബി.എ.സിക്ക് വിടുന്നത്. ബിൽ അവതരിപ്പിക്കുമ്പോഴും സബ്ജക്ട് കമ്മിറ്റിക്ക് പോകുമ്പോഴും ലാ ഡിപ്പാർട്ടുമെന്റോ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റോ ഇതൊന്നും ഗൗരവമായി കാണുന്നില്ല. അവസാന നിമിഷം ഫ്ലോറിൽ ക്യാബിനറ്റ് ഡിസിഷനു വേണ്ടിയുള്ള അമെന്റ്മെന്റ് കൊണ്ടുവരേണ്ടി വന്നത് നിർഭാഗ്യകരമായിപ്പോയി. നേരത്തേ ഉൾപ്പെടുത്തേണ്ടതായിരുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ശ്രീ. പി. വിശ്വൻ അവതരിപ്പിച്ച 341-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. വിശ്വൻ അവതരിപ്പിച്ച 341-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 335-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 339-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 50-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 50-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 50-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

51 മുതൽ 57 വരെയുള്ള വകുപ്പുകൾ

(ഭേദഗതി ഇല്ല).

51 മുതൽ 57 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

51 മുതൽ 57 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

51 മുതൽ 57 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

58-ാം വകുപ്പ്

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(342). ഖണ്ഡം 58(3)(ii) ൽ സെനറ്റിലെ രണ്ട് അംഗങ്ങൾ എന്നതിന് ശേഷം ഒരാൾ സ്ത്രീ ആയിരിക്കണം എന്ന് കൂട്ടിച്ചേർക്കുക.

(343).ഖണ്ഡം 58(3)(iii) ൽ ഗവേണിംഗ് കൗൺസിലിലെ മൂന്ന് അംഗങ്ങൾ എന്നതിന് ശേഷം ഒരാൾ സ്ത്രീ ആയിരിക്കണം എന്ന് കൂട്ടിച്ചേർക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഭേദഗതികൾ സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 342, 343 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 58-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 58-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 58-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

59 മുതൽ 65 വരെയുള്ള വകുപ്പുകൾ

(ഭേദഗതി ഇല്ല).

59 മുതൽ 65 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

59 മുതൽ 65 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

59 മുതൽ 65 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു..

66-ാം വകുപ്പ്

ശ്രീ. പി. വിശ്വൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(344). ഖണ്ഡം 66(2)(ix)-ൽ "സർവ്വകലാശാലയിലെയും" എന്ന വാക്കിന് മുൻപുള്ള "സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ ഒരു തദ്ദേശ അധികാരസ്ഥാപനമോ നടത്തിപ്പോരുന്ന കോളേജുകളോ, സ്ഥാപനങ്ങളോ ഒഴികെയുള്ള" എന്നീ വാക്കുകൾ ഒഴിവാക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ ശ്രീ. പി. വിശ്വൻ അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 66-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 66-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 66-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

67-ാം വകുപ്പ്

ശ്രീ. പി. വിശ്വൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(352). ഖണ്ഡം 67 (3) (iv) ഒഴിവാക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഭേദഗതി സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. പി. വിശ്വൻ അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 67-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 67-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 67-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

68-ാം വകുപ്പ്

ശ്രീ. പി. വിശ്വൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(353). ഖണ്ഡം 68 (vi)-ൽ "അഫിലിയേറ്റ് ചെയ്ത കോളേജുകളിലേയും" എന്ന വാക്കുകൾക്ക് പകരം "സ്കൂളുകളിലേയും കോളേജുകളിലേയും" എന്ന് ചേർക്കുക.

(354). ഖണ്ഡം 68 (vii)-ൽ അഫിലിയേറ്റ് ചെയ്ത എന്ന വാക്കുകൾ ഒഴിവാക്കുക.

(355).ഖണ്ഡം 68 (ix)-ൽ അഫിലിയേറ്റ് ചെയ്ത എന്ന വാക്കുകൾ ഒഴിവാക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഭേദഗതികൾ സ്വീകരിക്കുന്നു.

മി. സ്പീക്കർ ശ്രീ. പി. വിശ്വൻ അവതരിപ്പിച്ച 353, 354, 355 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 68-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 68-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 68-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

69-ഉം 70-ഉം വകുപ്പുകൾ

(ഭേദഗതി ഇല്ല).

മി. സ്പീക്കർ 69 -ഉം 70- ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

69 -ഉം 70-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

69 -ഉം 70 -ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു..

71-ാം വകുപ്പ്

ശ്രീ. പി. വിശ്വൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(356). ഖണ്ഡം 71(ശ)-ൽ "രൂപീകരിച്ചിട്ടുള്ള" എന്ന വാക്കിനുപകരം "കോളേജുകളിലേയും" എന്ന വാക്ക് ചേർക്കുക. "യൂണിവേഴ്സിറ്റി" എന്നതിനുപകരം "സർവ്വകലാശാല" എന്ന് ചേർക്കുക.

(357). ഖണ്ഡം 71(2)-ൽ "യൂണിവേഴ്സിറ്റി" എന്ന വാക്കിനുപകരം "സർവ്വകലാശാല" എന്ന വാക്ക് ചേർക്കുക.

(358). ഖണ്ഡം 71(3)-ൽ "യൂണിവേഴ്സിറ്റി" എന്ന വാക്കിനുപകരം "സർവ്വകലാശാല" എന്ന വാക്ക് ചേർക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ഭേദഗതികൾ സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. വിശ്വൻ അവതരിപ്പിച്ച 356,357,358 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 71-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 71-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 71-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

72-ാം വകുപ്പ്

(ഭേദഗതി ഇല്ല.)

മി. സ്പീക്കർ :72-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

72-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. 72-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

73-ാം വകുപ്പ്

ശ്രീ. പി. വിശ്വൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(360). ഖണ്ഡം 73(1)-ൽ "ഫിഷറീസ് കോളേജുകളുടെ" എന്ന വാക്കുകൾക്കുപകരം താഴെപ്പറയുന്ന ഭാഗം ചേർക്കുക:

'ഫിഷറീസ് കോളേജുകളും അനുബന്ധ ഹോസ്റ്റലുകളും, മറ്റ് കെട്ടിടങ്ങളും, ഫർണിച്ചറുകളും, ലൈബ്രറികളും, ലാബോറട്ടറികളും സ്റ്റോറുകളും ഉപകരണങ്ങളും ഫ്ളാറ്റുകളും എറണാകുളം പുതുവൈപ്പിനിലെ മത്സ്യഗവേഷണ കേന്ദ്രവും അതിനനുബന്ധമായ സ്ഥാവര-ജംഗമ വസ്തുക്കളും അതിനോടൊപ്പമുള്ള എല്ലാ ആസ്തികളും ബാധ്യതകളും കടപ്പാടുകളും'

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

(359). പ്രസ്തുത ലിസ്റ്റിലെ 36-ാം പേജിലെ 359-ാം നമ്പർ ഭേദഗതി ഒഴിവാക്കിയിരിക്കുന്നു. പ്രിന്റിംഗ് മിസ്റ്റേക്ക് വന്നതാണ്. അതുകൊണ്ട് അത് ഒഴിവാക്കിയിരിക്കുന്നു.

ശ്രീ. വർക്കല കഹാർ നിർദ്ദേശിച്ച 361-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(361). ഖണ്ഡം 73(1)ൽ "മത്സ്യബന്ധനത്തിനും സമുദ്ര പഠനങ്ങൾക്കുമായുള്ള കേരള സർവ്വകലാശാലയുടെ" എന്നതിനുപകരം "ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമായുള്ള സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

(362) ഖണ്ഡം 73(3)-ൽ "മൽസ്യബന്ധനത്തിനും" എന്നതിനുപകരം "ഫിഷറീസും" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു .

ഭേദഗതി ചെയ്ത പ്രകാരമുള്ള 73-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 73-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 73-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

74-ാം വകുപ്പ്

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(368). ഖണ്ഡം 74 നീക്കം ചെയ്യുക.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 74-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 74-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 74-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

75-ഉം 76-ഉം വകുപ്പുകൾ

(ഭേദഗതി ഇല്ല).

മി. സ്പീക്കർ: 75-ഉം 76-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

75-ഉം 76-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. 75- ഉം 76-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

77-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: 77-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

77-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

77-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

78 മുതൽ 82 വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല).

മി. സ്പീക്കർ: 78 മുതൽ 82 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

78 മുതൽ 82 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

78 മുതൽ 82 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(110) പീഠികയിൽ "സമുദ്രപഠനങ്ങൾക്കും മാത്രമായി" എന്നീ വാക്കുകൾക്കുശേഷം "അതുമായി ബന്ധപ്പെട്ട ജൈവിക ശാസ്ത്രം, പാരിസ്ഥിതിക ശാസ്ത്രം, സാങ്കേതികവിദ്യ, സാമ്പത്തിക ശാസ്ത്രം, സാമൂഹികശാസ്ത്രം മത്സ്യകൃഷി, പോഷക ശാസ്ത്രം എന്നിവ ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(112) ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

(1) ഈ ആക്റ്റിന് 2010-ലെ കേരള ഫിഷറീസ് സർവ്വകലാശാല ആക്റ്റ് എന്ന പേര് പറയാം.

LIBRARY ARCHIVES Kerala Legislative Assembly

(113) ഖണ്ഡം 1(1) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക

(1) ഈ ആക്റ്റിന് 2010-ലെ കേരള മത്സ്യബന്ധന സർവ്വകലാശാല ആക്റ്റ് എന്ന പേർ പറയാം.

ഈ ആക്ടിന് 2010-ലെ കേരള ഫിഷറീസ് സർവ്വകലാശാലാ ആക്റ്റ് എന്ന് പേര് പറയണം. സമുദ്ര പഠനമോ മറ്റ് എന്തുമോ ആകാം ഒരു യൂണിവേഴ്സിറ്റിയുടെ പേര് കോൺടാക്ട് ആയിരിക്കണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: രണ്ടാം വകുപ്പെടുക്കുമ്പോൾ ആ ബില്ലിന്റെ ആമുഖം എന്ന നിലയിൽ ഞാൻ പറഞ്ഞതാണ്. പീഠികയിൽ ഭേദഗതി ഉണ്ടാകണം. അതിന് കുറച്ച് വിശകലനം ആവശ്യമാണ്. അതിനകത്ത് സമുദ്ര പഠനങ്ങളുടെ ഭാഗമായി വരുന്ന ജൈവിക ശാസ്ത്രം പരിസ്ഥിതി ശാസ്ത്രം സാങ്കേതിക വിദ്യ തുടങ്ങിയ എല്ലാ മേഖലകളുടെ പുരോഗതിയും സർവ്വകലാശാല ലക്ഷ്യമിടുന്ന ഒരു ബില്ലാണിത്. അതുകൊണ്ട് പീഠികയിൽ തന്നെ ഇക്കാര്യങ്ങൾ സൂചിപ്പിക്കണമെന്നുള്ളതാണ് ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ 110-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദിന്റെ 109-ാം നമ്പർ ഭേദഗതി അദ്ദേഹം ആബ്സന്റായതിനാൽ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

(109). പീഠികയിൽ ആദ്യവരിയിലെ "ഫിഷറീസും" എന്ന വാക്കിനു പകരം "ഫിഷറീസിനും" എന്ന വാക്ക് ചേർക്കുക.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. എസ്. ശർമ്മ: ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ 110-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 112, 113 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: ഇപ്പോൾ ബില്ലിന്റെ പേര് എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇപ്പോൾ ഫിഷറീസും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റ് എന്നാണ്.

ശ്രീ. കെ. സി. ജോസഫ്: ഫിഷറീസ് എന്നത് എപ്പോഴാണ് മാറ്റിയത്? ഞാൻ അറിഞ്ഞില്ല.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിലുണ്ട്.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, 2010-ലെ കേരള മൽസ്യബന്ധനത്തിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2010-ലെ കേരള മൽസ്യബന്ധനത്തിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): ദീർഘകാലത്തെ ആവശ്യത്തിന്റെ ഉൽപ്പന്നമായിട്ടാണ് കളക്ടീവായിട്ട് ഇന്ന് ഈ നിയമം രൂപം കൊള്ളുന്നത്. അതിനുവേണ്ടി നിയമസഭാ സ്പീക്കറും സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരും അതുപോലെ നിയമവകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നിയമസഭാ സാമാജികരും എല്ലാം ആത്മാർത്ഥമായ പങ്ക് വഹിക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഇവരോടെല്ലാം ഞാൻ പ്രത്യേകമായ നന്ദി രേഖപ്പെടുത്തുകയാണ്.

2/7/2020

LIBRARY ARCHIVES Kerala Legislative Assembly